# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പോരുവഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കൊല്ലം.-691001**

**ഇ-മെയിൽ: doklm.ksad@kerala.gov.in**
**ഫോൺ : 0474-2740141**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM/P10/1855/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 23/11/2023
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോരുവഴി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P10/1855/2023 തീയ്യതി: 23/11/2023

# കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-01-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എസ്.അനിൽകുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2023 | 19-10-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-10-2023 | 19-10-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. രഞ്ജിത് കുമാർ ജി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ. അനിൽ കുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. സുനിൽ കുമാർ യു.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി രാജശ്രീ സി.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബിനു മംഗലത്ത് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ ജയപ്രകാശ് പി | സെക്രട്ടറി | 01-04-2022 | 01-10-2022 |
| ശ്രീമതി സി ഒ കോമളവല്ലി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-10-2022 | 05-10-2022 |
| ശ്രീ. റെജിമോൻ എം. | സെക്രട്ടറി | 05-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സി ഒ കോമളവല്ലി | അസി. സെക്രട്ടറി | 01-04-2022 | 01-11-2022 |
| ശ്രീമതി ബിന്ദു ആർ. | അസി. സെക്രട്ടറി | 02-11-2022 | 31-03-2023 |
| ശ്രീമതി ദിവ്യ റക്സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ ബീനീഷ് ചന്ദ്രൻ ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ലക്ഷ്മി ജി മോഹൻ | അസി. എഞ്ചിനീയർ | 01-04-2022 | 06-09-2022 |
| ശ്രീ. വിനോദ് കുമാർ | അസി. എഞ്ചിനീയർ | 06-09-2022 | 31-03-2023 |
| ശ്രീമതി വാസന്തി ഡി | ഹെഡ് മിസ്ട്രസ്, ഗവ.എൽപിഎസ് കമ്പലടി | 01-04-2022 | 31-05-2022 |
| ശ്രീമതി കൃഷ്ണകുമാരി | ഹെഡ് മിസ്ട്രസ്, (ചാർജ്ജ്) | 31-05-2022 | 29-06-2022 |
| ശ്രീമതി ഷീബ വൈ. | ഹെഡ് മിസ്ട്രസ്, ഗവ.എൽപിഎസ് | 29-06-2022 | 31-03-2023 |
| ശ്രീമതി പത്മജാദേവി ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ. സനോജ് സാം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 22-06-2022 |
| ഡോ. അനിൽകുമാർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 22-06-2022 | 31-03-2023 |
| ശ്രീമതി സജീന എസ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. കെ.ജയകുമാർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി മോളു റ്റി ലാൽസൺ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ലക്ഷ്മി ദീലീപ് | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. ഇന്ദു പി.ശേഖർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 06-06-2022 |
| ഡോ. സിനി. പി.തോമസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 06-06-2022 | 31-03-2023 |
| ശ്രീ അഖിൽ എസ് | അക്രഡിറ്റഡ് എഞ്ചിനീയർ, എംജിഎൻആർഇജിഎ | 01-04-2022 | 31-03-2023 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും, മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | Stale Cheque ഇനത്തിലുള്ള തുക റവന്യു ഹെഡിലേക്ക് ട്രാൻസ്ഫർ ചെയ്തില്ല | 1-1-5 |
| 7 | Web Saankhya ACR ലെ തുകയും, ചെലവ് പത്രിക പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു | 1-11 |
| 18 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 19 | യു.ഐ.ടി. വാടക ഒടുക്കുവാൻ അവശേഷിക്കുന്നു. | 1-13 |
| 20 | കുടുംബശ്രീ വിപണനകേന്ദ്രം -നിഷ്ക്രിയആസ്തിയായി തുടരുന്നു. | 1-14 |
| 21 | ഓഡിറ്റോറിയങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നു- ഗ്രാമപഞ്ചായത്ത് തുടർ നടപടി സ്വീകരിക്കുന്നില്ല | 1-15 |
| 22 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു | 1-16 |
| 23 | പ്രവർത്തിപ്പിക്കാൻ കഴിയാത്ത സി.സി.ടി.വി. ക്യാമറകൾക്ക് ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജും, കറണ്ട് ചാർജ്ജും ഒടുക്കി. ചെലവ് അംഗീകരിക്കുന്നില്ല. | 1-17 |
| 24 | ക്ഷീരകർഷകസംഗമം - ക്ഷീര വികസന വകുപ്പ് നടത്തിയ പരിപാടിക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ നൽകിയ തുകയുടെ ചെലവ് അംഗീകരിക്കുന്നില്ല. | 1-18 |
| 25 | പ്രാഥമികാരോഗ്യകേന്ദ്രത്തിന്റ ആംബുലൻസിന്റെ പരിപാലന ചെലവ് - അപാകതകൾ. | 1-19 |
| 26 | മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾ - തൊഴിലാളികൾ ഒരു ദിവസം രണ്ട് പ്രവൃത്തികൾ ചെയ്ത്, രണ്ട് വേതനം കൈപ്പറ്റി. | 1-20 |
| 27 | NCD ബുക്ക് പ്രിന്റിംഗ് - ക്വട്ടേഷൻ, സ്റ്റോക്ക് വിവരം എന്നിവ ലഭ്യമാക്കിയില്ല | 1-21 |
| 28 | മരുന്ന് ലഭ്യമാക്കാൻ അശേഷിക്കുന്നു - 3,21,633/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |

| | | |
|---|---|---|
| 29 | വീട് വാസയോഗ്യമാക്കൽ-ആദ്യ ഗഡു കൈപ്പറ്റിയിട്ട് പ്രവൃത്തി ആരംഭിച്ചിട്ടില്ല. | 1-23 |
| 30 | ലൈഫ് ഭവനപദ്ധതി - ആദ്യഗഡു കൈപ്പറ്റിയെങ്കിലും വീടുപണി ആരംഭിച്ചില്ല. | 1-24 |
| 31 | മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ലാതെ തുക അനുവദിച്ചു | 1-25 |
| 32 | ഓഡിറ്റ് നിർദേശാനുസരണം ഫൈൻ ഈടാക്കി ഒടുക്കു വരുത്തി | 1-26 |
| 33 | കുറഞ്ഞ നിരക്കിലെ ടെൻഡർ അംഗീകരിച്ചില്ല - അധിക ചെലവ് | 1-27 |
| 34 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട അനർഹരായ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകി | 1-28 |
| 35 | അങ്കണവാടി കെട്ടിടനിർമ്മാണം ആരംഭിച്ചില്ല | 1-29 |
| 36 | കരാറുകാരിൽ നിന്നും ജി.എസ്.റ്റി. ഈടാക്കിയില്ല | 1-30 |
| 37 | തനതു വിഭവ സമാഹരണം- അവലോകനം | 1-31 |
| 38 | ഹരിതകർമ്മസേന-അവലോകനം | 1-32 |
| 39 | തൊഴിലുറപ്പ് പദ്ധതി - വസ്തുവിന്റെ വിസ്തൃതിയിൽ കൂടുതൽ സ്ഥലത്തു പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി വേതനം നൽകി | 1-33 |
| 40 | ഒരേ വസ്തുവിൽ ഒരേ പ്രവൃത്തി - രണ്ട് തവണ തുക നൽകി | 1-34 |
| 41 | പഠനമുറി- നിർമ്മാണം ആരംഭിച്ചില്ല | 1-35 |
| 42 | കൂടിയ നിരക്കിലുള്ള ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവഹണം | 1-36 |
| 43 | കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായില്ല | 1-37 |
| 44 | തൊഴിലുറപ്പ് പദ്ധതി - പൊതു അവലോകനം | 1-38 |
| 45 | പ്രവൃത്തികൾ സ്പിൽ ഓവറാകുന്നത് - തൻവർഷത്തെ പദ്ധതി രൂപീകരണത്തെ ബാധിക്കുന്നു. | 1-39 |
| 46 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായും ലഭിച്ചില്ല | 1-40 |
| 47 | ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ആനുകൂല്യം നൽകി | 1-41 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പ്രവർത്തിപ്പിക്കാൻ കഴിയാത്ത സി.സി.ടി.വി. ക്യാമറകൾക്ക് ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജും, കറണ്ട് ചാർജ്ജും ഒടുക്കി. ചെലവ് അംഗീകരിക്കുന്നില്ല. | 3-1 |
| 2 | തൊഴിലുറപ്പ് പദ്ധതി - വസ്തുവിന്റെ വിസ്തൃതിയിൽ കൂടുതൽ സ്ഥലത്തു പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി വേതനം നൽകി | 3-2 |
| 3 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട അനർഹരായ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകി | 3-3 |
| 4 | ഒരേ വസ്തുവിൽ ഒരേ പ്രവൃത്തി - രണ്ട് തവണ തുക നൽകി | 3-4 |
| 5 | കുറഞ്ഞ നിരക്കിലെ ടെൻഡർ അംഗീകരിച്ചില്ല - അധിക ചെലവ് | 3-5 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 01-07-2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 03-07-2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം.**

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും, മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന

**തുകയും പൊരുത്തപ്പെടുന്നില്ല.**

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 ലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 62,50,424/- രൂപയാണ്. എന്നാൽ ഈ പത്രികയിൽ 2022-23 ൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 51,56,241/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല**

26/07/2011-ലെ ജി.ഒ. (എം.എസ്.)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

**1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ഡി അനുസരിച്ച് 1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് ആയി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. എന്നാൽ ഇപ്രകാരം രേഖപ്പെടുത്തൽ നടത്തുന്നില്ല.

**1-1-5 Stale Cheque ഇനത്തിലുള്ള തുക റവന്യു ഹെഡിലേക്ക് ട്രാൻസ്ഫർ ചെയ്തില്ല**

ഷെഡ്യൂൾ ബി-9: Liability In Respect Of Stale Cheque- മുൻ വർഷത്തെ നീക്കിയിരിപ്പ് തുകയായ 2,000/- രൂപ റവന്യു ഹെഡിലേക്ക് ട്രാൻസ്ഫർ ചെയ്തില്ല.

**1-1-6 Web Saankhya ACR ലെ തുകയും, ചെലവ് പത്രിക പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.**

വികസനഫണ്ട് (ജനറൽ), എസ്.സി.പി. വിഹിതത്തിലെ എ.സി.ആർ. പ്രകാരമുള്ള ചെലവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല.

| | എ.സി.ആർ. പ്രകാരമുള്ള ചെലവ് (₹) | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് (₹) |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 1,79,27,881/- | 2,05,31,915/- |
| വികസനഫണ്ട് (എസ്.സി.പി.) | 1,31,78,710/- | 1,44,71,524/- |

**1-2 ബജറ്റ്**

23.03.2022 ലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്ക്കരിച്ച ബജറ്റ് 14.03.2023 ലെ 3/1 തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 3,14,98,310/-രൂപ |
| വരവ് | 5,03,20,664/-രൂപ |
| ആകെ | 8,18,18,974/-രൂപ |

| | |
|---|---|
| ചെലവ് | 4,40,70,240/-രൂപ |
| നീക്കിയിരിപ്പ് | 3,77,48,734/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 5,64,590/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 49,07,163/- രൂപ |

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ട്രഷറി അക്കൗണ്ടിലെ വരവ് ചെലവുകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | ലാപ്പ്സായ തുക (രൂപ) | നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 20994000/- | 20994000/- | 20531915/- | 462085/- | 0 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 15902000/- | 15902000/- | 14471524/- | 1430476/- | 0 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ടൈഡ്)- ട്രഷറി | 0 | 1899488/- | 1899488/- | 1402561/- | 496927/- | 0 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ബേസിക്)-ട്രഷറി | 0 | 138394/- | 138394/- | 138394/- | 0 | 0 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ടൈഡ്)-ബാങ്ക് | 2204949/- | 4524000/- | 6728949/- | 2764741/- | 0 | 3964208/- |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ബേസിക്)-ബാങ്ക് | 928183/- | 3145837/- | 4074020/- | 3427946/- | 0 | 646074/- |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 22226000/- | 22226000/- | 15917118/- | 6308882/- | 0 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 6591000/- | 6591000/- | 5405164/- | 1185836/- | 0 |
| **സംസ്ഥാനാവിഷ്കൃത ഗ്രാന്റ്** | | | | | | |
| ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ | 50000/- | 1860000/- | 1910000/- | 1860000/- | 50000/- | 0 |
| ശുചിത്വമിഷൻ | 0 | 180000/- | 180000/- | 180000/- | 0 | 0 |
| വിമുക്തി | 3500/- | 0 | 3500/- | 0 | 3500/- | 0 |
| **കേന്ദ്രാവിഷ്കൃത ഗ്രാന്റ്** | | | | | | |
| ഐ.സി.ഡി.എസ്. | 773270/- | 1975500/- | 2748770/- | 1104320/- | 1644450/- | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 782/- | 1528065/- | 1528847/- | 1528565/- | 282/- | 0 |
| സമ്പൂർണ്ണശുചിത്വം | 7684816/- | 579972/- | 8264778/- | 834085/- | 7430703/- | 0 |
| ഹെൽത്ത് ഗ്രാന്റ്-പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം | 0 | 268265/- | 268265/- | 8217/- | 260048/- | 0 |
| ഹെൽത്ത് ഗ്രാന്റ്-പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങൾ | 0 | 136893/- | 136893/- | 49815/- | 87078/- | 0 |
| സാക്ഷരത | 237147/- | 6468/- | 243615/- | 0 | 243615/- | 0 |
| TSC | 0 | 252000/- | 252000/- | 252000/- | 0 | 0 |
| അങ്കണവാടി കുടിവെള്ള കണക്ഷൻ | 20000/- | 50000/- | 70000/- | 0 | 20000/- | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗീകമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 228 | 19,06,26,302/- | 154 | 8,31,94,105/- | - | 74 | 67.54 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചിലവുകൾ | 782/- | 15,28,065/- | 15,28,847/- | 15,28,565/- | 282/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 7,45,66,228/- | 7,45,66,228/- | 7,45,66,228/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) |
|---|---|
| തൊഴിൽരഹിത വേതനം | 1,440/- |
| കർഷക തൊഴിലാളി പെൻഷൻ | 8,01,400/- |
| വിധവാ പെൻഷൻ | 1,35,18,200/- |
| വാർധക്യകാല പെൻഷൻ | 2,70,13,500/- |
| വികാലാംഗ പെൻഷൻ | 51,17,600/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2,03,200/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 3,30,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2023, 2.45 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,780/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ഐ.എൽ.ജി.എം.എസ്. രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്കിന്റെ കൃത്യത മേൽനോട്ട ചുമതലയുള്ളവർ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും ഐ.എൽ.ജി.എം.എസ്. വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യുർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവഹിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനം പര്യാപ്തമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.02.2023 | 10/2022 മുതൽ 12/2022 വരെ | 17.03.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.09.2016 - 14.10.2016 | 2011-12 മുതൽ 2015-16 വരെ | 14.08.2017 |

## 1-11 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു

വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നികുതിയിൽ വലിയ കുറവുണ്ടായിട്ടുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ (7)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന എതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ (അച്ചടി) 19/2011 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയായും 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 30/-രൂപയായും നിശ്ചയിച്ച് 20-12-2011 ലെ 4(1) കമ്മറ്റി തീരുമാനപ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയ സോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ ചില കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല എന്ന് വ്യക്തമായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമയുടെ പേര് | ച.മീ. | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (ച.മീറ്ററിന് 30/-രൂപ നിരക്കിൽ) | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (ച.മീറ്ററിന് 50/-രൂപ നിരക്കിൽ) | അടിസ്ഥാന വസ്തു നികുതിയിൽ കുറവുണ്ടായ തുക (₹) |
|---|---|---|---|---|---|---|
| 1 | 10/629 | ശ്രീ. വിപിൻകുമാർ | 153.08 | 4,592.4 | 7,654/- | 3,061.6 |
| 2 | 10/630 | ശ്രീ.വിപിൻകുമാർ | 33.54 | 1,006.2 | 1,677/- | 670.8 |
| 3 | 10/631 | ശ്രീ.വിപിൻകുമാർ | 33.54 | 1,006.2 | 1,677/- | 670.8 |
| 4 | 10/632 | ശ്രീ.വിപിൻകുമാർ | 36.64 | 1,099.2 | 1,832/- | 732.8 |
| 5 | 13/686 | ശ്രീ. മജീദ് | 23.73 | 711.9 | 1,186.5 | 474.6 |

| | | | | | | |
|---|---|---|---|---|---|---|
| 6 | 13/687 | ശ്രീ. മജീദ് | 23.73 | 711.9 | 1,186.5 | 474.6 |
| 7 | 13/688 | ശ്രീ. മജീദ് | 64.25 | 1,927.5 | 3,212.5 | 1,285/- |
| | | | | | ആകെ | 7,370.2 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് നികുതി പുനർനിർണ്ണയിച്ച് ബന്ധപ്പെട്ട ഉടമകളിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. നികുതി പുനർനിർണ്ണയിച്ച് കുറവുണ്ടായ തുക ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 26/17.10.2023.**

## <u>1-12 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു</u>

1. ലൈസൻസ് സംബന്ധിച്ചുള്ള രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കടമുറികളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ വ്യാപാര സംരംഭക ലൈസൻസ് (FACTEOS ലൈസൻസ് ) എടുത്തിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കടമുറി വാടകയ്ക്ക് എടുത്ത വ്യക്തിയുടെ പേരും മേൽവിലാസവും | കടമുറി നം. |
|---|---|---|
| 1. | ശ്രീ. വിഭുദേവൻ നായർ, വരവിള വീട്, അമ്പലത്തുംഭാഗം | 9/46,49,50,51,11 |
| 2. | വാസുദേവൻ നായർ, കവറാട്ട് വീട്, അമ്പലത്തുംഭാഗം | 9/52 |
| 3. | വിനോദ് കുമാർ, വിശ്വേശ്വരി ഭവനം | 9/53, 54 |
| 4. | തുളസീധരൻ, തുണ്ടിൽ വടക്കതിൽ | 1- ഇടയ്ക്കാട് |
| 5. | ശ്രീവിദ്യ, തണൽ, ഇടയ്ക്കാട് | 2- ഇടയ്ക്കാട് |
| 6. | വാസുദേവൻ, കാവ്യാ നിവാസ്, ഇടയ്ക്കാട് | 4-ഇടയ്ക്കാട് |
| 7. | സുരേഷ്, കുന്നുവിള, ഇടയ്ക്കാട് | 5- ഇടയ്ക്കാട് |
| 8 | ശശിധരൻ, കാട്ടൂർ പുത്തൻവീട്, ശൂരനാട് | 6- ഇടയ്ക്കാട് |
| 9. | സലാം, ചരുവിള താഴെതുണ്ടിൽ, ശൂരനാട് | 3 -ചക്കുവള്ളി |
| 10. | നജീബ്, പള്ളിയുടെ കിഴക്കതിൽ, പള്ളിമുറി | 5-ചക്കുവള്ളി |

2. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 19 റേഷൻ കടകളിൽ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല എന്ന് വ്യക്തമായി.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്.

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന മറുപടി ലഭ്യമാക്കി. വിശദമായ പരിശോധന നടത്തി

പഞ്ചായത്തിന്റെ ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ നടത്തേണ്ടതാണ്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 7/13.10.2023.**

## 1-13 യു.ഐ.ടി. വാടക ഒടുക്കുവാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള IX/93-ാം നമ്പർ സ്ത്രീശാക്തീകരണ കേന്ദ്രം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കേരള യൂണിവേഴ്സിറ്റിയുടെ യു.ഐ.ടി. എന്ന സ്ഥാപനം തൻവർഷവും വാടക ഒടുക്കു വരുത്തിയിട്ടില്ല. പി.ഡബ്ല്യു.ഡി. ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വാടക മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 11,403/- രൂപ പ്രതിമാസ വാടക നിരക്കിൽ 09.02.2015 മുതൽ, കരാർ ഉടമ്പടി പ്രകാരം കെട്ടിടം യു.ഐ.ടി. യ്ക്ക് വേണ്ടി വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. 08.02.2016 ൽ കരാർ കാലാവധി അവസാനിച്ചിരുന്നെങ്കിലും നാളിതുവരെയും പുതുക്കിയിട്ടില്ല. തൻവർഷത്തെ പ്രതിമാസ വാടക 16,047/-രൂപയാണ്. തൻവർഷത്തെ കുടിശിക 1,92,564/- രൂപയും മുൻവർഷങ്ങളിലെ കുടിശിക 5,93,640/- രൂപയും ഒടുക്കു വരുത്തുവാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക ഈടാക്കുന്നതിനായി 2020-21 ൽ ഗ്രാമപഞ്ചായത്ത് കേസ് നല്കിയെങ്കിലും, കാലാകാലങ്ങളിൽ പുതുക്കിയ കരാർ ഉടമ്പടിയുടെ അഭാവത്തിൽ പഞ്ചായത്തിന് അനുകൂല വിധിയല്ല ലഭിച്ചത്. സ്ഥാപനം ഒഴിഞ്ഞു തരണമെന്ന് കാണിച്ച് നിരവധി തവണ ഗ്രാമപഞ്ചായത്ത് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും കെട്ടിടം ഒഴിഞ്ഞ് നൽകിയിട്ടില്ല. തുക ഈടാക്കുന്നത് സംബന്ധിച്ച് വീണ്ടും കേസ് നൽകുന്നതിനായി നിയമോപദേശം തേടിയെങ്കിലും മൂന്ന് വർഷത്തിലധികമായി കുടിശിക നിലനിൽക്കുന്നതിനാൽ പ്രോസിക്യൂഷൻ കേസ് നിലനിൽക്കുന്നതല്ല എന്നും സിവിൽ കേസ് നൽകുന്നതിന് വൻതുക ചെലവ് വരുമെന്നുമാണ് വക്കീൽ അറിയിച്ചത്. കെട്ടിടം ഒഴിഞ്ഞു നൽകുന്നതിനും കുടിശിക അടവാക്കുന്നതിനുമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ 09.05.2023 ലെ 400281/RMLR01/GPO/2023/2513/(2) നമ്പർ കത്തിന്, വിദൂരപ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് മിതമായ ഫീസ് നിരക്കിൽ ഉന്നതവിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർവ്വകലാശാല യു.ഐ.ടി. സെന്ററുകൾ സ്ഥാപിതമായിരിക്കുന്നതെന്നും സ്ഥാപനത്തിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവർ ലഭ്യമാക്കുന്ന മുറയ്ക്കാണ് യു.ഐ.ടി. അനുവദിക്കുന്നതെന്നും ആയതിനാൽ കുടിശിക അടവാക്കണമെന്ന ആവശ്യം നിരാകരിക്കുന്നുവെന്നും കേരള സർവ്വകലാശാല രജിസ്ട്രാർ മറുപടി നൽകി. എന്നാൽ ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളൊന്നും ലഭ്യമാക്കാത്തതിനാൽ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കുടിശിക ഈടാക്കുന്നതിന് ഭരണസമിതി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 24/17.10.23, 04/13.10.23**

## 1-14 കുടുംബശ്രീ വിപണനകേന്ദ്രം -നിഷ്ക്രിയആസ്തിയായി തുടരുന്നു.

കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 2014-15 ലെ വനിതാ വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ കുടുംബശ്രീ വിപണനകേന്ദ്രം നാളിതുവരെയും വാടകയ്ക്ക് നൽകിയില്ല. കുടുംബശ്രീ വിപണനകേന്ദ്രം സംബന്ധിച്ച് 21.05.2018 ൽ ജില്ലാ പഞ്ചായത്തുമായി ഉണ്ടാക്കിയ കരാർ പ്രകാരം പ്രതിമാസ വരുമാനത്തിന്റെ 20% ജില്ലാ പഞ്ചായത്തിനും 80% പോരുവഴി ഗ്രാമപഞ്ചായത്തിനുമാണ്. വിപണന കേന്ദ്രത്തിന്റെ ഉദ്ഘാടനം നടത്തി വർഷങ്ങൾ കഴിഞ്ഞിട്ടും കെട്ടിട മുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടും നാളിതുവരെയും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കെട്ടിടത്തിന്റെ മേൽക്കൂരയിൽ ചുറ്റുമുള്ള വസ്തുക്കളിലെ മരങ്ങൾ ഒടിഞ്ഞു വീണ് കേടുപാടുകൾ സംഭവിച്ചതുമൂലം കടമുറികൾ ചോർന്നൊലിക്കുന്നുവെന്നും ആയവ അടുത്ത പദ്ധതിയിൽ

ഉൾപ്പെടുത്തി കേടുപാടുകൾ പരിഹരിച്ച് വാടകയ്ക്ക് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കി. 2014-15 ൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം ഉപയോഗിക്കാതെ നശിച്ചു പോകുന്നത് പദ്ധതിപണത്തിന്റെ ദുർവ്യയമാണ്. കെട്ടിടം മെയിന്റനൻസ് നടത്തി വാടകയ്ക്ക് നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 6/13.10.23**

## 1-15 ഓഡിറ്റോറിയങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നു- ഗ്രാമപഞ്ചായത്ത് തുടർ നടപടി സ്വീകരിക്കുന്നില്ല

14-ാം വാർഡിലെ സംസം പാലസ്, H&J കൺവെൻഷൻ സെന്റർ, 17-ാം വാർഡിലെ മാർ ബസേലിയസ് ഗ്രിഗോറിയസ് ചർച്ച് ഓഡിറ്റോറിയം എന്നിവ അനധികൃതമായി പ്രവർത്തിക്കുന്നവയാണെന്ന് പരിശോധനയിൽ വ്യക്തമായി. H&J കൺവെൻഷൻ സെന്റർ ഉടമയ്ക്ക് 31.08.2019 ൽ എ3-5208/2019 പ്രകാരം നൽകിയ കത്തിൽ ക്രമവത്കരണ നടപടികൾക്ക് അപേക്ഷ നൽകാത്തതിനാൽ 20/08/2019ലെ താത്കാലിക ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടം പൊളിക്കുമെന്ന് സെക്രട്ടറി നിർദ്ദേശിച്ചിരുന്നു. ഇതിന് 17/10/2019ൽ ഹനാഫി ജമാ അത്ത് സമർപ്പിച്ച മറുപടിയോടൊപ്പം നൽകിയ റവന്യൂ വകുപ്പിന്റെ 02/08/2006ലെ ഉത്തരവിൽ (ജി.ഒ(ആർ.ടി.)നം. 3525/06/ആർ.ഡി) 713.15$m^2$ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ശാസ്താംകോട്ട തഹസീൽദാർ നിർണ്ണയിച്ചു നൽകിയ ഒറ്റത്തവണ നികുതി 50,400/-രൂപ ഒഴിവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്ന് കെട്ടിടം 2006ൽ തന്നെ നിലവിലുണ്ടായിരുന്നതാണെന്നും, അന്നു മുതൽ ലൈസൻസോ, കെട്ടിട നികുതിയോ ഒടുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്നതാണെന്നും വ്യക്തമാണ്. 2006 മുതൽ നിലവിലുണ്ടായിരുന്ന 713.15$m^2$ കെട്ടിടം അനധികൃതമായി പ്രവർത്തിച്ചിട്ടും നാളിതുവരെയും ഗ്രാമപഞ്ചായത്ത് യു.എ. നമ്പർ നൽകി വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല. മറ്റു രണ്ട് കെട്ടിടങ്ങളായ സംസം പാലസ്, മാർ ഗ്രിഗോറിയസ് ചർച്ച് ഓഡിറ്റോറിയം എന്നിവ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ രേഖകളില്ല. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിരുന്നെങ്കിലും യാതൊരു തുടർനടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചില്ല. കെട്ടിടങ്ങൾ ക്രമവൽക്കരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രസ്തുത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനായി നിരവധി തവണ നോട്ടീസ് നൽകിയിട്ടും കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ കെട്ടിട ഉടമകൾ സ്വീകരിച്ചില്ലെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 ൽ, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു.എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 എ.എ. വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ല്യൂ. വകുപ്പിന്റെ അടിസ്ഥാനത്തിൽ നിയമവിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടം പൊളിച്ചു കളയുന്നതോ മാറ്റം വരുത്തുന്നതോ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും അടിയന്തിര ഇടപെടൽ നടത്തേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. തുടർനടപടി സ്വീകരിക്കാത്ത പക്ഷം ഈ വിഷയം വകുപ്പ്തല നടപടികൾക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നതാണ്.

**ഓഡിറ്റ് എൻക്വയറി നം. 27/17.10.23.**

## 1-16 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ താഴെ ചേർക്കും പ്രകാരമുള്ള ചെലവ്

തടസ്സപ്പെടുത്തുന്നു. വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക (₹) | തുക കൈമാറിയ സ്ഥാപനം | ബിൽ ബുക്ക് നമ്പർ/ ട്രഷറി വൗച്ചർ നമ്പർ |
|---|---|---|---|---|
| 14 | 45-ാം നമ്പർ അങ്കണവാടി കെട്ടിടം ഇലക്ട്രിഫിക്കേഷൻ | 2,00,000/- | പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗ് | 23/30.11.2022 |
| 1 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 1,95,652/- | കെ.എസ്.ഇ.ബി. | XVFC/2022-23/P/66 XVFC/2022-23/P/67 15.03.2023 XVFC/2022-23/P/28 26.07.2022 XVFC/2022-23/P/48 06.02.2023 |
| 141 | കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി | 57,000/- | കേരള വാട്ടർ അതോറിറ്റി | XVFC/2022-23/P/61 23.02.2023 |
| 140 | 34-ാം നമ്പർ അങ്കണവാടിയിൽ കുഴൽകിണർ നിർമ്മാണം | 3,00,000/- | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | XVFC/2022-23/P/60 23.02.2023 |
| 45 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 6,46,534/- | കെ.എസ്.ഇ.ബി. | XVFC/2022-23/P/18, XVFC/2022-23/P/19 16.06.2022 |
| 2 | സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ | 18,86,084/- | കെ.എസ്.ഇ.ബി. | XVFC/2022-23/P/44 XVFC/2022-23/P/45, XVFC/2022-23/P/52 05.12.2022 |
| 236 | പഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ | 7,41,000/-രൂപ | പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗ്, ആലപ്പുഴ | ബിൽ നമ്പർ 32/25.03.23 |

**തടസ്സപ്പെടുത്തുന്ന തുക – 40,26,270/-രൂപ.**
**ഓഡിറ്റ് എൻക്വയറി നം. 08/13.10.2023.**

**<u>1-17 പ്രവർത്തിപ്പിക്കാൻ കഴിയാത്ത സി.സി.ടി.വി. ക്യാമറകൾക്ക് ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജും, കറണ്ട് ചാർജ്ജും ഒടുക്കി. ചെലവ് അംഗീകരിക്കുന്നില്ല.</u>**

2022-23 ലെ തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പരിസരങ്ങളിൽ സ്ഥാപിട്ടുള്ള പ്രവർത്തിക്കാത്ത സി.സി.ടി.വി. ക്യാമറകൾക്ക് ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജും, കറണ്ട് ചാർജ്ജും ഒടുക്കിയതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1) **ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജ്.**

| സ്ഥാപനത്തിന്റെ പേര് | ഇനം | നൽകിയ തുക (₹) | ചെക്ക് നം. |
|---|---|---|---|
| ചിപ്പി കേബിൾ നെറ്റ്വർക്ക്, ചക്കുവള്ളി | ചക്കുവള്ളി ചന്തയിലെ സി.സി.ടി.വി. ക്യാമറക്ക് നെറ്റ് കണക്ഷൻ ചാർജ്ജ് | 5,657/- | 735350/ 13.6.22 |
| ചിപ്പി കേബിൾ നെറ്റ്വർക്ക്, ചക്കുവള്ളി. | ചക്കുവള്ളി ചന്തയിലെ സി.സി.ടി.വി. ക്യാമറക്ക് നെറ്റ് കണക്ഷൻ ചാർജ്ജ് | 5,657/- | 204991/ 13.3.23 |
| | ആകെ | 11,314/- | |

2) **കറണ്ട് ചാർജ്ജ്**

| ഇനം | നൽകിയ തുക (₹) | വൗച്ചർ നം/ ചെക്ക് നം |
|---|---|---|
| ചിറയിൽ ജംഗ്ഷൻ, കമ്പലടിയിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (4/22) | 215/- | 22200067/ 29.4.22 |
| ചക്കുവള്ളി ചന്തയിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (9/22) | 601/- | 958156/ 10.10.22 |
| ഇടയ്ക്കാട് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (4/22) | 105/- | 22200135/ 30.5.22 |
| താഴത്ത് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (4/22) | 89/- | 22200136/ 30.5.22 |
| പുന്നവിള ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (7/22) | 90/- | 22200334/ 2.8.22 |
| ഇടയ്ക്കാട് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (6/22) | 90/- | 222800334/ 2.8.22 |
| താഴത്ത് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (6/22)<br>ഇടയ്ക്കാട് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (6/22)<br>ഇടിക്കണ്ട ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (6/22) | 420/- | 958112/ 11.8.22 |
| താഴത്ത് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (8/22)<br>ഇടയ്ക്കാട് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (8/22)<br>ഇടിക്കണ്ട ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (8/22) | 292/- | 958138/ 16.9.22 |
| താഴത്ത് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (10/22)<br>ഇടയ്ക്കാട് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (10/22)<br>ഇടിക്കണ്ട ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (10/22) | 292/- | 958174/ 9.11.22 |
| ചിറയിൽ ജംഗ്ഷൻ, കമ്പലടിയിലെ സി.സി.ടി.വി. ക്യാമറയുടെകറണ്ട് ചാർജ്ജ് (11/22) | 216/- | 204914/ 14.12.22 |
| താഴത്ത് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (11/22)<br>ഇടയ്ക്കാട് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (11/22)<br>ഇടിക്കണ്ട ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (11/22) | 297/- | 204914/ 14.12.22 |
| ചക്കുവള്ളിചന്തയിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (12/22) | 198/- | 204939/ 11.1.23 |
| താഴത്ത് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (12/22)<br>ഇടയ്ക്കാട് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (12/22) | 194/- | 204939/ 11.1.23 |
| താഴത്ത് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (1/23)<br>ഇടയ്ക്കാട് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (1/23)<br>ഇടിക്കണ്ട ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (1/23) | 295/- | 204967/ 10.2.23 |
| താഴത്ത് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (2/23)<br>ഇടയ്ക്കാട് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (2/23)<br>ഇടിക്കണ്ട ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (2/23) | 288/- | 204987/ 8.3.23 |
| ചിറയിൽ ജംഗ്ഷൻ, കമ്പലടിയിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (2/23) | 198/- | 204978/ 21.2.23 |
| ആകെ | 3,880/- | |

ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരം സ്ഥാപിച്ച മേൽ ക്യാമറകളുടെ പരിപാലനവും, ക്യാമറ വിഷ്വലുകളുടെ മോണിറ്ററിംഗ് സംവിധാനവും ഗ്രാമപഞ്ചായത്താണ് നിർവ്വഹിക്കുന്നത്. ആയത് പ്രകാരം ഈ ക്യാമറകളുടെ മോണിറ്ററിംഗ് സംവിധാനം സജ്ജീകരിക്കുന്നതിനുള്ള ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്ത് നൽകുന്നതിന് കെൽട്രോണിൽ നിന്നുള്ള ഉദ്യോഗസ്ഥർ എത്തിയെങ്കിലും, ഈ ആപ്ലിക്കേഷൻ പ്രവർത്തിക്കുന്നതിന് INTEL CORE I5 Or Higher

സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടർ ആവശ്യമാണെന്ന് അറിയിച്ചിരുന്നു. ഈ കാരണത്താൽ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള കമ്പ്യൂട്ടറുകളിൽ ടി ആപ്ലിക്കേഷൻ പ്രവർത്തിപ്പിക്കുവാൻ കഴിയുകയില്ല. 28.2.2022 ലെ G.O(P) No.482/2022/LSGD നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് വാങ്ങാവുന്ന കമ്പ്യൂട്ടർ/ലാപ്പ്ടോപ്പുകൾ INTEL CORE I3 സ്പെസിഫിക്കേഷനിലുള്ളത് മാത്രമാണ്. നിലവിലുള്ള വ്യവസ്ഥയിൽ ഈ സി.സി.ടി.വി. ക്യാമറകൾ ഗ്രാമപഞ്ചായത്തിന് പ്രവർത്തിപ്പിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം മേൽ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടർ വാങ്ങുന്നതിന് കഴിയുകയില്ലെന്ന് കെൽട്രോണിനെ അറിയിച്ചിട്ടുണ്ടെന്നും, മൊബൈൽ ആപ്ലിക്കേഷൻ വഴി ജനപ്രതിനിധികൾക്ക് നിരീക്ഷിക്കുന്നതിന് സൗകര്യം നൽകിയിട്ടുണ്ട് എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ഗ്രാമപഞ്ചായത്തിൽ ചെയ്യേണ്ട പ്രവൃത്തികൾ ജനപ്രതിനിധികളുടെ മൊബൈൽ ആപ്ലിക്കേഷൻ വഴി ലഭ്യമാകുന്നു എന്ന മറുപടി അംഗീകാരയോഗ്യമല്ലാത്തതിനാൽ ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജ്, കറണ്ട് ചാർജ്ജ് എന്നീയിനങ്ങളിൽ ഒടുക്കിയ 15,194/- (11314 + 3880) രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**എൻക്വയറി നം.10/16.10.23.**
**നിരാകരണം-15,194/-രൂപ.**

## 1-18 ക്ഷീരകർഷകസംഗമം - ക്ഷീര വികസന വകുപ്പ് നടത്തിയ പരിപാടിക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ നൽകിയ തുകയുടെ ചെലവ് അംഗീകരിക്കുന്നില്ല.

2021-22 ൽ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തും, ക്ഷീര വികസന വകുപ്പും സംയുക്തമായി 21.3.2022 ന് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ വച്ച് സംഘടിപ്പിച്ച ക്ഷീരകർഷകസംഗമം പരിപാടിക്ക് ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ 5,000/-രൂപ (ചെക്ക് നം-735346/8.6.22) നൽകി. 2021-22 ൽ സംഘടിപ്പിച്ച പരിപാടിക്കാണ് 2022-23 ൽ തുക നൽകിയിരിക്കുന്നത്. തുക നൽകുന്നതിനുള്ള സർക്കാർ നിർദ്ദേശം ഉൾപ്പെടെയുള്ള ചെലവ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ വച്ച് നടത്തിയ പരിപാടിയിൽ പോരുവഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആണ് അദ്ധ്യക്ഷത വഹിച്ചതെന്നും, അതുകൊണ്ടാണ് തുക നൽകിയതുന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ വച്ച് നടന്ന പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ചത് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആണ്. ബ്ലോക്ക് പഞ്ചായത്തും, ക്ഷീര വികസന വകുപ്പും സംയുക്തമായി സംഘടിപ്പിച്ച പരിപാടിക്ക് തുക നൽകുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 5,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**എൻക്വയറി നം.12/16.10.23.**
**തടസ്സം – 5,000/-രൂപ.**

## 1-19 പ്രാഥമികാരോഗ്യകേന്ദ്രത്തിന്റ ആംബുലൻസിന്റെ പരിപാലന ചെലവ് - അപാകതകൾ.

2022-23 ൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ പ്രകാരം ആംബുലൻസിന്റെ പരിപാലനത്തിനായി 3,19,781/-രൂപ ചെലവഴിച്ചു. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം | അടങ്കൽ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| 35/23 | 87,934/- (തനത് ഫണ്ട്) | 19,710/- |
| 24/23 | 4,00,000/- (തനത് ഫണ്ട്) | 3,00,071/- |

പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ആംബുലൻസിന്റെ (KL-02-BQ-3788) വാടകയിനത്തിലുള്ള വരവ് എച്ച്.എം.സി. ഫണ്ടിൽ ഒടുക്കുന്നുണ്ട്. എന്നാൽ ആംബുലൻസിന്റെ ഡ്രൈവറുടെ

വേതനം, ഇന്ധനം എന്നിവയ്ക്കായി മേൽ പദ്ധതി പ്രകാരമാണ് തുക നൽകിയിട്ടുള്ളത്.

15.6.23 ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പൊതുതീരുമാനം ഖണ്ഡിക 10(1) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടേയും സി.എച്ച്.സി, എഫ്.എച്ച്.സി, താലൂക്കാശുപത്രികൾ എന്നിവിടങ്ങളിലേയും ആംബുലൻസുകൾക്കും ആവശ്യമായി വരുന്ന ഡ്രൈവറുടെ വേതനം, ഇന്ധനചെലവ്, വാഹനത്തിന്റെ മെയിന്റനൻസ്, ആവർത്തന ചെലവ് എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ചെലവഴിക്കാവുന്നതാണ്. നിലവിലുള്ള ആംബുലൻസുകളുടെ (2023 ജൂൺ 15 വരെ) ആവർത്തന ചെലവ് വഹിക്കാൻ മതിയായ ഫണ്ട് എച്ച്.എം.സിയിൽ ഇല്ലെങ്കിൽ ഒരു നിശ്ചിത വിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ നിന്ന് നൽകാവുന്നതാണ്. ആവർത്തന ചെലവ് കണ്ടെത്താൻ സഹായകമായ രീതിയിൽ ആംബുലൻസിന്റെ വാടക ക്രമപ്പെടുത്തേണ്ടതാണ്. അതിദാരിദ്ര്യ കുടുംബങ്ങൾ, താഴ്ന്ന വരുമാനക്കാർ എന്നിവർക്ക് മാത്രം സൗജന്യ സേവനം നൽകിക്കൊണ്ട് മറ്റ് വിഭാഗക്കാരിൽ നിന്നും വാഹനത്തിന്റെ വാടക ഈടാക്കാവുന്നതാണ്. എച്ച്.എം.സിയിൽ പര്യാപ്തമായ ഫണ്ടില്ല എന്ന് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് കുറവുള്ള വിഹിതം മാത്രമേ തനത് ഫണ്ടിൽ നിന്ന് തദ്ദേശഭരണ സ്ഥാപനം നൽകാവൂ. എന്നാൽ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് മേൽ പദ്ധതികൾ പ്രകാരം ഗ്രാമപഞ്ചായത്ത് തുക നൽകിയിരിക്കുന്നത്.

ലോഗ് ബുക്കിലെ അപാകതകൾ

ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതിന്റെ സാക്ഷ്യപത്രം ലോഗ് ബുക്കിൽ ഉള്ളടക്കം ചെയ്തിട്ടില്ലാത്തതിനാൽ ഡീസൽ ഉപയോഗത്തിന്റെയും, വാഹനം ഓടിയതിന്റെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. ഡീസൽ നിറച്ചതിന്റെ വിശദാംശങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും, മാസാന്ത്യ അബ്സ്ട്രാക്ട് എഴുതി സൂക്ഷിക്കുന്നില്ല. ആംബുലൻസിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് ആംബുലൻസ് കമ്മിറ്റി രൂപികരിച്ചിട്ടില്ല. കൃത്യമായ മേൽനോട്ടം, ധനകാര്യ മാനേജ്മെന്റ് എന്നിവയുടെ അഭാവത്തിൽ ആംബുലൻസിന്റെ പരിപാലനം, ആശുപത്രി മാനേജ്മെന്റ് ഫണ്ട് / ഗ്രാമപഞ്ചായത്ത് ഫണ്ട് എന്നിവയ്ക്ക് ബാധ്യതയായി മാറാവുന്ന സാഹചര്യമാണുള്ളത്. അപാകതകൾ പരിഹരിക്കുന്നതിന് മേൽ വിഷയം ചുമതലപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. വിഷയവുമായി ബന്ധപെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 2023-24 ൽ ആംബുലൻസിൽ നിന്നുള്ള വരുമാനത്തിൽ നിന്നാണ് ഡ്രൈവറുടെ വേതനം, ഇന്ധനചെലവ്, മറ്റ് അനുബന്ധ ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

**എൻക്വയറി നം.11/16.10.23.**

## 1-20 മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾ - തൊഴിലാളികൾ ഒരു ദിവസം രണ്ട് പ്രവൃത്തികൾ ചെയ്ത്, രണ്ട് വേതനം കൈപ്പറ്റി.

2022-23 ൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡ് ഒന്നിന് 10,000/- രൂപ നിരക്കിൽ 18 വാർഡുകളിലായി ആകെ 1,80,000/-രൂപ (ചെക്ക് നം-435144/30.3.21) മെഡിക്കൽ ഓഫീസർ, പി.എച്ച്.സിക്ക് നൽകി. ഓട വൃത്തിയാക്കൽ, ക്ലോറിനേഷൻ, ഓട നവീകരണം എന്നീ മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ വിവിധ ദിവസങ്ങളിലായി ചെയ്ത് വേതനം വാങ്ങിയതുമായി ബന്ധപ്പെട്ട് വാർഡ് തല സമിതികൾ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ഒരേ ദിവസം തന്നെ ഒരേ തൊഴിലാളി രണ്ട് തരം തൊഴിൽ ചെയ്തതായി കാണിച്ച് വ്യത്യസ്ത ഒപ്പുകൾ രേഖപ്പെടുത്തി രണ്ട് വേതനം കൈപ്പറ്റിയതായി കണ്ടെത്തി. ഒരേ ദിവസങ്ങളിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തിയും, തൊഴിലുറപ്പ് പ്രവൃത്തിയും ചെയ്തതായി രേഖപ്പെടുത്തിയാണ് തുക കൈപ്പറ്റിയത്. 31.3.2023 ൽ തുക പിൻവലിച്ച് അന്നുതന്നെ ചെലവഴിച്ചതായാണ് രേഖകളിൽ കാണുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ ദിവസങ്ങളിൽ തൊഴിലുറപ്പ് പ്രവൃത്തികൾ ചെയ്ത തൊഴിലാളികളുടെ വിശദാംശങ്ങൾ ആവശ്യപ്പെടുകയും, ആയതുപ്രകാരം ഗ്രാമപഞ്ചായത്തിലെ MGNREGS ഓഫിസിൽ നിന്നും ഹാജരാക്കിയ പ്രവൃത്തിരേഖകൾ പരിശോധിക്കുകയും ചെയ്തതിൽ, മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾ ചെയ്ത

തൊഴിലാളികൾ അതേ ദിവസങ്ങളിൽ തന്നെ തൊഴിലുറപ്പ് പദ്ധതിയിലും പ്രവൃത്തി ചെയ്ത് വേതനം കൈപ്പറ്റിയതായി കണ്ടെത്തി. മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾ ചെയ്ത രേഖകളിൽ തൊഴിലാളികളുടെ തൊഴിൽ കാർഡ് നമ്പർ ലഭ്യമല്ലാത്തതിനാലും MGNREGS ഓഫിസിൽ നിന്നും 18 വാർഡുകളിലെയും ഇപ്രകാരമുള്ള രേഖകൾ ലഭ്യമാക്കുന്നതിന് കാലതാമസമുണ്ടാകുമെന്നതിനാലും 3 വാർഡുകളിലെ മാത്രം രേഖകളാണ് പരിശോധിച്ചത്. ഈ പരിശോധനയിൽ ഒരേ തൊഴിലാളികൾ ഒരേ ദിസവം രണ്ട് പദ്ധതിയിലും തൊഴിൽ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| വാർഡ് | തൊഴിലാളികളുടെ പേരുവിവരം | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തികൾ ചെയ്ത തീയതി | തൊഴിലുറപ്പ് പ്രവർത്തികൾ ചെയ്ത തീയതി |
|---|---|---|---|
| 1 | വിസല, മേടയിൽ താഴതിൽ. | 28.2.23, 1.3.23 | 28.2.23, 1.3.23 |
| 1 | ജനാർദ്ദനൻ, മഠത്തിവിളയിൽ. | 28.2.23 | 28.2.23 |
| 2 | സിന്ധു, കൊച്ചുതുണ്ടിൽ | 10.3.23, 11.3.23, 12.3.23 | 7.3.23 To 13.3.23 |
| 2 | ബേബി, അശ്വനി നിവാസ് | 10.3.23, 11.3.23, 12.3.23 | 7.3.23 To 13.3.23 |
| 2 | ഭവാനി, കീളശ്ശേരിൽ. | 10.3.23, 11.3.23, 12.3.23 | 7.3.23 To 13.3.23 |
| 3 | ജയിംസ്, കൊച്ചുപുരയിൽ | 12.3.23, 15.3.23, 16.3.23, 17.3.23 | 12.3.23 To 18.3.23 |
| 3 | സിന്ധു, തടത്തിൽ വടക്കതിൽ | 12.3.23, 15.3.23, 16.3.23, 17.3.23 | 12.3.23 To 18.3.23 |

ഒരേ തൊഴിലാളികൾ ഒരേ ദിവസം തന്നെ മേൽ പ്രകാരമുള്ള രണ്ട് പ്രവൃത്തികളിൽ പങ്കാളികളായി രണ്ട് വേതനം കൈപ്പറ്റിയതിനും, മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ചെലവ് രേഖകൾ വ്യാജമായി ചമച്ച് പരിശോധനയ്ക്ക് ലഭ്യമാക്കിയതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ മഴക്കാലപൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട 1,80,000/- (18*10000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. എല്ലാ വാർഡുകളിലേയും രേഖകൾ വിശദമായി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പ് തല അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

**എൻക്വയറി നം. 32/19.10.23.**

**തടസ്സം-1,80,000/-രൂപ.**

**1-21 NCD ബുക്ക് പ്രിന്റിംഗ് - ക്വട്ടേഷൻ, സ്റ്റോക്ക് വിവരം എന്നിവ ലഭ്യമാക്കിയില്ല.**

പ്രോജക്ട്നം -78/23

അടങ്കൽ തുക – ₹50,000/-

ചെലവ്- ₹43,516/- (തനത് ഫണ്ട്)

2022-23 ൽ മെഡിക്കൽ ഓഫീസർ, നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് ജീവിത ശൈലി രോഗചികിത്സ. ഈ പദ്ധതി പ്രകാരം NCD ബുക്ക് പ്രിന്റ് ചെയത വകയിൽ 43,516/-രൂപ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം. | നൽകിയതുക (രൂപ) | ചെക്കും. |
|---|---|---|
| 1. | 11,500/- | 958147/29.9.22 |
| 2. | 12,000/- | 204964/10.2.23 |
| 3. | 20,016/- | 435141/30.3.23 |
| | ആകെ- 43,516/- | |

സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 15,000/-രൂപ മുതൽ 1,00,000/-രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. മേൽ പദ്ധതി പ്രകാരം ക്വട്ടേഷൻ ക്ഷണിക്കാതെ പ്രിന്റിംഗ് പ്രവൃത്തി ചെയ്തതിനും, സ്റ്റോക്ക് വിവരം പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അറിവില്ലായ്മ മൂലമാണ് ക്വട്ടേഷൻ ക്ഷണിക്കാതിരുന്നതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. തുടർവർഷങ്ങളിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റോക്ക് വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**എൻക്വയറി നം. 15/16.10.2023.**

## 1-22 മരുന്ന് ലഭ്യമാക്കാൻ അശേഷിക്കുന്നു - 3,21,633/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 ൽ മെഡിക്കൽ ഓഫീസർ, നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളാണ് പി.എച്ച്.സി-ക്ക് മരുന്നുകൾ വാങ്ങൽ, ക്യാൻസർ രോഗികൾക്ക് മരുന്ന് വാങ്ങൽ എന്നിവ. മരുന്നുകൾ വാങ്ങുന്നതിനായി കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം /പേര് | നൽകിയ തുക (₹) | മരുന്ന് ലഭ്യമായ തുക (₹) | മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്ന തുക (₹) | ബിൽനം/ തിയതി |
|---|---|---|---|---|
| പി.എച്ച്. സിക്ക് മരുന്നുകൾ വാങ്ങൽ (22/23) | 3,00,020/- | 0 | 3,00,020/- | 6/11.7.22 |
| ക്യാൻസർ രോഗികൾക്ക് മരുന്ന് വാങ്ങൽ (25/23) | 4,95,420/- | 4,73,807/- | 21,613/- | 7/25.7.22 |
| ആകെ | | | 3,21,633/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വിലയായ 3,21,633/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**എൻക്വയറി നം – 13/16.10.23.**

**തടസ്സം – 3,21,633/-രൂപ**

## 1-23 വീട് വാസയോഗ്യമാക്കൽ-ആദ്യ ഗഡു കൈപ്പറ്റിയിട്ട് പ്രവൃത്തി ആരംഭിച്ചിട്ടില്ല.

പ്രോജക്ട് നം – 79/23

അടങ്കൽ തുക - 36,00,000/-രൂപ (വികസന ഫണ്ട് -എസ്.സി.പി.)

ചെലവ്- 22,10,918/-രൂപ

നിർവ്വഹണം – വി.ഇ.ഒ.

വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം 35 കുടുംബങ്ങൾക്ക് 8 വർഷത്തിലധികം പഴക്കമുള്ള വീടുകളുടെ മേൽക്കൂര മാറ്റൽ, ചുവര്, വാതിൽ, തറ, കോൺക്രീറ്റ് റൂഫിംഗ് എന്നിവ ചെയ്യുന്നതിന് എൽ.എസ്.ജി.ഡി. ഓവർസിയറുടെ വാല്യുവേഷൻ, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വീടിനും പരമാവധി 1,00,000/-രൂപ നൽകുന്നു. പദ്ധതി പ്രകാരം 2022-23 ൽ കരാറിൽ ഏർപ്പെടുകയും ആദ്യ ഗഡു കൈപ്പറ്റുകയും ചെയ്തിട്ടും നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെപ്പറയും പ്രകാരമാണ്.

| പേരു വിവരം | നൽകിയ തുക (രൂപ) | ബിൽ നം. /തിയതി |
|---|---|---|

| | | |
|---|---|---|
| രാജൻ, സുമമംഗലം. | 50,000/- | 30/28.1.23 |
| മല്ലിക, കഞ്ഞിരവിളയിൽ | 50,000/- | 31/29.1.23 |
| മണി, മഞ്ചുഭവനം | 50,000/- | 39/31.3.23 |
| രാധാമണി, കോയിപ്പുറത്ത് കിഴക്ക് | 50,000/- | 35/18.3.23 |
| സന്ദീപ്, കൊച്ചുതുണ്ടിൽ | 50,000/- | 28/29.12.22 |
| ബിന്ദു, കുരുമ്പോലിശ്ശേരിൽ. | 50,000/- | 39/31.3.23 |
| ലതിക, ലക്ഷ്മി സദനം. | 50,000/- | 39/31.3.23 |
| ആകെ | 3,50,000/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കളെക്കൊണ്ട് എത്രയും വേഗം പ്രവൃത്തി പൂർത്തീകരിച്ച് വാല്യുവേഷൻ ഉൾപ്പെയുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തപക്ഷം നൽകിയ തുക പലിശ സഹിതം ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**എൻക്വയറി നം. – 33/19.10.2023.**

## 1-24 ലൈഫ് ഭവനപദ്ധതി - ആദ്യഗഡു കൈപ്പറ്റിയെങ്കിലും വീടുപണി ആരംഭിച്ചില്ല.

### 1) ലൈഫ് ഭവനപദ്ധതി (ജനറൽ)

പ്രോജക്ട് നം. – S0041/23

**അടങ്കൽ തുക – ₹2,05,67,800/-**

(വികസനഫണ്ട് – ജനറൽ) – ₹35,27,800/-,
സംസ്ഥാനാവിഷ്കൃത ഫണ്ട് – ₹47,00,000/-,
ബ്ലോക്ക് വിഹിതം – ₹10,00,000/-,
ജില്ലാ വിഹിതം – ₹10,00,000/-,
മറ്റുള്ളവ – ₹1,03,40,000/-)

**ചെലവ് – ₹36,10,000/-**

(വികസനഫണ്ട് – ജനറൽ) – ₹30,00,000/-,
സംസ്ഥാനാവിഷ്കൃത ഫണ്ട് – ₹3,00,000/-,
മറ്റുള്ളവ – ₹3,10,000/-)

നിർവ്വഹണം – വി.ഇ.ഒ.

2022-23 ൽ കരാറിൽ ഏർപ്പെട്ടതിൽ 2 ഗുണഭോക്താക്കൾ ആദ്യഗഡു കൈപ്പറ്റിയിട്ട് വീടുപണി നാളിതുവരെ ആരംഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരുവിവരം | കൈപ്പറ്റിയ തുക (₹) | ബിൽ നം./ തിയതി |
|---|---|---|
| ശ്രീമതി. വത്സല, നെഞ്ചുവിള, മയിലാടുംമുകൾ | 40,000/- | 11/20.9.22 |
| ശ്രീമതി. ഉഷാകുമാരി, സുധീഷ് ഭവനം, അമ്പലത്തുംഭാഗം. | 40,000/- | 11/20.9.22 |
| ആകെ | 80,000/- | |

### 2) ലൈഫ് ഭവനപദ്ധതി (എസ്.സി.പി.)

പ്രോജക്ട് നം – 42/23

**അടങ്കൽ തുക – ₹2,28,80,000/-**

(വികസനഫണ്ട് – എസ്.സി.പി.) – ₹20,00,000/-,
സംസ്ഥാനാവിഷ്കൃത ഫണ്ട് - ₹59,00,000/-,
ബ്ലോക്ക് വിഹിതം – ₹10,00,000/-,

ജില്ലാ വിഹിതം – ₹10,00,000/-,
മറ്റുള്ളവ – ₹1,29,80,000)

**ചെലവ് – ₹84,77,400/-**

(വികസനഫണ്ട് – എസ്.സി.പി.) – ₹20,00,000/-,
സംസ്ഥാനാവിഷ്കൃത ഫണ്ട് – ₹14,60,000/-,
ബ്ലോക്ക് വിഹിതം – ₹9,77,400/-
ജില്ലാ വിഹിതം – ₹9,10,000/-,
മറ്റുള്ളവ – ₹31,30,000/-)

നിർവ്വഹണം – വി.ഇ.ഒ.

2022-23 ൽ കരാറിൽ ഏർപ്പെട്ടതിൽ 6 ഗുണഭോക്താക്കൾ ആദ്യഗഡു കൈപ്പറ്റിയിട്ട് വീടുപണി നാളിതുവരെ ആരംഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരുവിവരം | കൈപ്പറ്റിയ തുക (₹) | ബിൽ നം./ തിയതി |
|---|---|---|
| ശ്രീമതി. ഗിരിജ, തറയിൽ പുത്തൻവീട്, അമ്പലത്തുംഭാഗം | 40,000/- | 22/30.11.22 |
| ശ്രീമതി. സിന്ധു, സിന്ധുഭവനം, മലനട | 40,000/- | 22/30.11.22 |
| ശ്രീമതി. വിജയമ്മ, വിജയഭവനം, മൂവക്കോട് | 40,000/- | 23/13.12.22 |
| ശ്രീമതി. ചന്ദ്രമതി, ചരിഞ്ഞയ്യത്ത് പുത്തൻവീട്, അമ്പലത്തുംഭാഗം | 40,000/- | 204950/27.1.23 |
| ശ്രീമതി. രജനിഗന്ധി, മണ്ണമ്പുഴ തെക്കതിൽ, തൊളിക്കൽ | 40,000/- | 204950/27.1.23 |
| ശ്രീമതി. കുഞ്ഞുമോൾ, പള്ളിപറമ്പിൽ, മൂവക്കോട് | 40,000/- | 204950/27.1.23 |
| ആകെ | 2,40,000/- | |

ആദ്യഗഡു കൈപ്പറ്റിയിട്ട് വീടുപണി ആരംഭിക്കാത്തതിന് രേഖാമൂലം വിശദീകരണവും, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച തുടർ നടപടി വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ ഗുണഭോക്താക്കളെക്കൊണ്ട് എത്രയും വേഗം വീടുപണി പൂർത്തികരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും, അല്ലാത്തപക്ഷം പിഴപ്പലിശ ഉൾപ്പടെ നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

**എൻക്വയറി നം. 34/19.10.2023.**

## 1-25 മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ലാതെ തുക അനുവദിച്ചു

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പുതിയ തുറന്ന കിണർ നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിനായി 2021-22 ൽ ആവിഷ്കരിച്ച പദ്ധതി 2022-23 ൽ ചുവടെ ചേർക്കും പ്രകാരം നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നം, പേര് | വകയിരുത്തിയ തുക (₹), ഫണ്ടിനം | ചെലവഴിച്ച തുക (₹) | ബിൽ/വൗച്ചർ നമ്പർ |
|---|---|---|---|---|
| 1 | 49, പുതിയ തുറന്ന കിണർ നിർമ്മാണം | 2,32,191/- (സി.എഫ്.സി.) | 2,32,191/- | XVFC/2022-23/P/ 35,36,37/25.08.2022 XVFC/2022-23/P/ 43,65/19.11.2022 06.03.2023 |
| 2 | 73, പുതിയ തുറന്ന കിണർ നിർമ്മാണം | 1,00,000/- (സി.എഫ്.സി.) | 1,00,000/- | 01/31.10.2022 |
| 3 | 74, തുറന്ന കിണർ നിർമ്മാണം | 25,000/- | 25,000/- | 02/31.10.2022 |

| | | | | |
|---|---|---|---|---|
| | (എസ്.സി.) രണ്ടാം ഘട്ടം | | | |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക്, പുതിയ തുറന്ന കിണർ നിർമ്മാണത്തിന് ത.സ്വ.ഭ.വ. ലെ ഓവർസിയറിൽ കുറയാത്ത ഉദ്യോഗസ്ഥൻ നൽകിയ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ ചെലവ് തുക അനുവദിക്കാവുന്നതാണെന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി സബ്സിഡി-ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6.1ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ലാതെയാണ് ഗുണഭോക്താക്കളായ ക്രമ നമ്പർ 1 പ്രകാരമുള്ള പ്രോജക്ടിലെ ശ്രീമതി സുധാ, ശ്രീമതി രഞ്ജു, ക്രമ നമ്പർ 2 പ്രകാരമുള്ള പ്രോജക്ടിലെ ശ്രീമതി ഇന്ദിര, ശ്രീമതി ചിഞ്ചു എന്നിവർക്ക് 50,000/-രൂപ വീതവും ക്രമ നമ്പർ 3 പ്രകാരമുള്ള പ്രോജക്ടിലെ ശ്രീ. ഓമനക്കുട്ടന് 25,000/-രൂപയും ധനസഹായം നൽകിയത്. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (18/16.10.23) മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അഭാവത്തിലാണ് ധനസഹായം അനുവദിച്ചതെന്ന് അസ്സി. സെക്രട്ടറി മറുപടി ലഭ്യമാക്കി. സബ്സിഡി-ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി അനുവദിച്ച 2,25,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദമായ മൂല്യനിർണ്ണയ സാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. – 18/16.10.2023.**
**തടസ്സപ്പെടുത്തുന്ന തുക-2,25,000/- രൂപ.**

## 1-26 ഓഡിറ്റ് നിർദേശാനുസരണം ഫൈൻ ഈടാക്കി ഒടുക്കു വരുത്തി

ബിൽ തായ്യാറാക്കിയപ്പോൾ ഉണ്ടായ അപാകതമൂലം നൽകിയ അധിക തുക, കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഈടാക്കേണ്ട ഫൈൻ, പ്രവൃത്തികൾക്ക് എടുക്കേണ്ട ഇൻഷ്വറൻസ് പോളിസി എടുക്കാത്തതു മൂലം ഈടാക്കേണ്ട ഫൈൻ എന്നിവ ഓഡിറ്റ് നിർദേശത്തെ തുടർന്നു ഈടാക്കി ഒടുക്കു വരുത്തി വിശദാശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ഇനം | ഒടുക്കിയ തുക (₹) | രസീത് നം./ തീയതി |
|---|---|---|---|
| പ്രോജക്റ്റ് നം. 58/23 – പൊതു കിണർ പുനരുദ്ധാരണം | ഫൈൻ | 7,652/- | 1230401424/ 18.10.2023 |
| പ്രോജക്റ്റ് നം. 33/23- കാട്ടുവിള പള്ളിപ്പറമ്പ് റോഡ് മെയിന്റനൻസ് | അധിക തുക | 253/- | 1230401403/ 16.10.2023 |
| 2022-23 ലെ വിവിധ മരാമത്ത് പ്രവൃത്തികൾ | ഇൻഷ്വറൻസ് ഫൈൻ | 27,792/- | 1230401393, 1230401395, 1230401396, 1230401402, 1230401400, 1230401399/ 13.10.2023 1230401404, 1230401406, 1230401409, 1230401417/ 16.10.2023 |
| ആകെ | | 35,697/- | |

## 1-27 കുറഞ്ഞ നിരക്കിലെ ടെൻഡർ അംഗീകരിച്ചില്ല - അധിക ചെലവ്

താഴെ പറയുന്ന രണ്ട് പ്രവൃത്തികളുടെ ആദ്യ ടെന്ററിൽ കുറഞ്ഞ നിരക്കിലുള്ള ടെന്റർ അംഗീകരിക്കാതെ റീടെന്റർ ചെയ്യാൻ തീരുമാനിച്ചതുവഴി പഞ്ചായത്തിന് ആകെ 1,93,885/-

രൂപയുടെ നഷ്ടം ഉണ്ടായി.

(1) **പ്രോജക്ട് നം. 47 / 23 – മീനത്തേൽ കുളം റോഡു ഓട നിർമ്മാണം**

അടങ്കൽ - 2,29,308/- രൂപ (മെയിന്റനൻസ് ഫണ്ട് )
കരാർ നം. 46AE /LID | PGp തീ. 15-2-22
കരാറുകാരൻ - ശ്രീ. ഡാനിക്കുട്ടി
അളവു പുസ്തകം – 38/21-22
ചെലവ് – 2,15,958/- (ബിൽ നം. 3/27-5-23)

2021-22 ൽ 6,52,967/- രൂപ വകയിരുത്തിയ ഈ പ്രോജക്ടിന്റെ ചെലവിനത്തിൽ ആ സാമ്പത്തിക വർഷം ഒന്നാം പാർട്ട് ബിൽ ഇനത്തിൽ 4,23,659/-രൂപ സാംഖ്യാ ബിൽ നം. 1358252/17-3-22 പ്രകാരം നല്കിയിരുന്നു. 2022-23 ൽ പ്രോജക്ട് നം. 47/23 പ്രകാരം 2,29,368/-രൂപ മെയിന്റനൻസ് ഫണ്ട് വകയിരുത്തി ശേഷിക്കുന്ന പ്രവൃത്തികൾ സ്പിൽ ഓവറായി നടപ്പിലാക്കുകയും 2,15,958/-രൂപ ചെലവഴിക്കുകയും ചെയ്തു. ഈ പ്രവൃത്തിയിൽ ടെന്ററ് നടപടികളുമായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റിയുടെ തെറ്റായ തീരുമാനം മൂലം 1,04,820/-രൂപ അധിക ചെലവുണ്ടായി.

12.8.2021 ലെ ഇ-ടെന്റർ നോട്ടിഫിക്കേഷൻ പ്രകാരം നിശ്ചിത തീയതിക്കുള്ളിൽ മേൽ പ്രവൃത്തിക്കായി രണ്ടു ടെന്ററുകൾ ലഭ്യമായി. ഇതിൽ കുറവു തുക കോട്ടു ചെയ്ത ജി. സുധന്റെ (487456.64) ടെന്റർ ഓൺലൈനായി ഫയൽ ചെയ്ത പ്രിലിമിനറി കരാറിൽ ഒപ്പ് രെഖപ്പെടുത്തിയില്ല എന്ന കാരണത്താൽ 05.11.2021 ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചില്ല.

എന്നാൽ മാന്വലായി സമർപ്പിച്ച ടെന്ററിനോടൊപ്പം ആവശ്യമായ മുദ്രപത്രത്തിലെ പ്രിലിമിനറി കരാറിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി. മാന്വൽ 2009 - 2 പ്രകാരം ഇത്തരം നിസാര തെറ്റുകൾകളുടെ പേരിൽ ടെന്റർ നിരസിക്കാൻ പാടില്ല. ഇതു സംബന്ധിച്ചു അസി. എഞ്ചിനീയറും, പഞ്ചായത്ത് സെക്രട്ടറിയും കമ്മിറ്റിക്കു നൽകിയ നിയമോപദേശം പരിഗണിക്കാതെ റീ-ടെന്റർ ചെയ്യുവാൻ 05.11.2021 ലെ കമ്മിറ്റി 2(9) നമ്പരായി തീരുമാനിച്ചു. റീ ടെന്ററിൽ ഇതേ കരാറുകാരൻ ടെന്റർ എക്സസ് കോട്ട് ചെയ്യുകയും (5,83,005/- രൂപ) ജില്ല എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ടെന്റർ എക്സസ് അനുമതി വാങ്ങി ടെന്റർ അംഗീകരിച്ചു നൽകുകയും ചെയ്തു.

പഞ്ചായത്തു കമ്മിറ്റിയുട തെറ്റായ തീരുമാനം മൂലം ഉണ്ടായ അധിക ചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്ന.

ആദ്യ ടെന്റർ നിരക്കു പ്രകാരം പ്രവൃത്തി നൽകിയിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന ചെലവ് :-

| ക്രമ നം. | ഇനം. | അളവ് | നിരക്ക് (₹) | തുക (₹) |
|---|---|---|---|---|
| 1 | 12.5.2A Dismantling Of Existing Structure Like Culvert......... | 0.45m3 | 509/- | 229/- |
| 2 | 11.1.1.1 Excavation For Structures Earthworkin Excavation Forstructure......Upto 3m Depth | 60.12m3 | 462/- | 27775.44 |
| 3 | 11.4.1.1 Providing Concrete For Plain/Reinforced Concrete In Open Foundation.....(1-2.5-5) | 13.54m3 | 6890/- | 93290.6 |
| 4 | 11.4.2.1 Providing Concrete For Plain/Reinforced Concrete In Open Foundation.....(1-2.5-5) | 32.52m3 | 6271/- | 203932.92 |
| 5 | 75.8.1.1A Providing Plain Cement Concrete For Wearing Coat....... (1.2.4) | 4.866m3 | 6920/- | 33672.72 |
| 6 | 11.4.4 Providing Concretefor Plain/Reinforced Concrete In Open Foundation..... Grade M20 | 5.088m3 | 7451/- | 37910.688 |
| 7 | 11.8 Supplying Fitting And Placing TMT Bar.......... | 0.411.78 Tonne | 64524/Tonne | 26569.69 |
| 8 | 75.8.1.1 Providing Reinforced/Plain Concrete Cement.....Nominal Mix 1:2:3 | 6.938m3 | 7800/- | 54116.4 |

| | | | | |
|---|---|---|---|---|
| | ആകെ പ്രവൃത്തി മൂല്യം | | | 4,77,497/- |
| | നികുതി@12% | | | 57,300/- |
| | **ആകെ തുക** | | | **5,34,797/-** |

റീ-ടെന്ററർ വഴി പ്രവൃത്തിക്കു രണ്ടു വർഷങ്ങളിലായി നൽകിയ തുക 6,39,617/-(423659+215958) രൂപ. സാങ്കേതിക വിഭാഗം എഞ്ചിനീയറും, പഞ്ചായത്തു സെക്രട്ടറിയും നൽകിയ നിയമോപദേശവും തള്ളി പഞ്ചായത്തു കമ്മിറ്റി പ്രവൃത്തി റീ-ടെന്ററർ ചെയ്യാൻ തീരുമാനിച്ചതു വഴി ഉണ്ടായ അധിക ചെലവു 1,04,820/- രൂപ (639617-534797).

(2) **<u>പ്രോജക്ട് നം. 54/23 – കമ്പലടി എൽ.പി.എസ്. പാണ്ടികുളം റോഡ് ഓടനിർമ്മാണം</u>**

റ്റി.എസ്. നം. 15062/21-22 തി. 28 / 7/ 21

കരാർ നം. 43/ 2.2.22

കരാറുകാരൻ - നസീർ

അടങ്കൽ - 5,42,907/-രൂപ

മേൽ പ്രവൃത്തി ടെന്ററർ ചെയ്തപ്പോൾ ലഭ്യമായ രണ്ടു ടെന്ററുകളിൽ ലഭ്യമായ കുറഞ്ഞ ടെന്ററർ അംഗീകരിക്കാതെ റീ ടെന്ററർ ചെയ്യാൻ 5.11.2021 ൽ 2 (9) നമ്പർ ആയി കമ്മിറ്റി തീരുമാനിച്ചിരിക്കുന്നു. കുറഞ്ഞ ടെന്ററർ തുക 3,79,648/- രൂപയുടേതായിരുന്നു. ഈ ടെന്ററിനോടൊപ്പം ഓൺലൈനായി ഫയൽ ചെയ്ത പ്രിലിമിനറി കരാറിൽ ഒപ്പു രേഖപ്പെടുത്തിയില്ല എന്ന കാരണത്താലാണ് റീ-ടെൻഡർ ചെയ്യാൻ തീരുമാനം എടുത്തത്. എന്നാൽ മാനുവലായി സമർപ്പിക്കപ്പെട്ട ടെന്ററിനോടൊപ്പം പ്രിലിമിനറി കരാറിന്റെ മുദ്രപത്രത്തിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി. മാനുവൽ 2009 - 2 പ്രകാരം ഇത്തരം നിസാര തെറ്റുകളുടെ പേരിൽ ടെന്ററർ നിരസിക്കാൻ പാടില്ല. പഞ്ചായത്തു കമ്മിറ്റിയുടെ തെറ്റായ തീരുമാനം മൂലം ഉണ്ടായ അധിക ചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

ആദ്യ ടെന്ററർ നിരക്കു പ്രകാരം പ്രവൃത്തി നൽകിയിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന ചെലവ് :-

| ക്രമ നം. | ഇനം. | അളവ് | നിരക്ക് (₹) | തുക (₹) |
|---|---|---|---|---|
| 1 | 11.1.1.1 Excavation For Structures Earthwork In Excavation Forstructure......Upto 3m Depth | 41.05 M3 | 467/- | 19,170.35 |
| 2 | 11.4.1.1 Providing Concrete For Plain/Reinforced Concrete In Open Foundation.....(1-2.5-5) | 8.880m3 | 6,950/- | 61,716/- |
| 3 | 11.4.2.1 Providing Concrete For Plain/Reinforced Concrete In Open Foundation.....(1-2.5-5) | 26.1730m3 | 6,510/- | 1,70,386.23 |
| 4 | 75.8.1.1A Providing Plain Cement Concrete For Wearing Coat.......(1.2.4) | 3.137 M3 | 6,975/- | 21,880.575 |
| 5 | 11.4.4 Proടെൻഡർviding Concrete For Plain/Reinforced Concrete In Open Foundation..... Grade M20 | 3.2400 M3 | 7,500/- | 24,300/- |
| 6 | 11.8 Supplying Fitting And Placing TMT Bar.......... | 0.23701 M3 | 65,000/- | 15,405.65 |
| 7 | Od 1302580/21-22 Pointing With Cement Mortar...... | 17.88m2 | 200/- | 3,576/- |
| 8 | 75.8.1.1 Providing Reinforced/Plain Concrete Cement.....Nominal Mix 1:2:3 | 5.250 M3 | 7,250/- | 38,062.5 |
| | ആകെ പ്രവൃത്തി മൂല്യം | | | 3,54,497.3 |
| | നികുതി@12% | | | 42,539.6 |
| | **ആകെ തുക** | | | **3,97,037/-** |

റീ-ടെന്ററർ പ്രകാരം പ്രവൃത്തിക്കു നൽകിയ തുക 4,86,102/- രൂപ. അധികം നൽകിയ തുക 89,065/-രൂപ (486102-397037).

മേൽ രണ്ടു പ്രവൃത്തികൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/11-10-2023 നു സെക്രട്ടറിയും അസി. എഞ്ചിനീയറും നൽകിയ നിയമോപദേശം പഞ്ചയത്ത് കമ്മിറ്റി സ്വീകരിച്ചില്ല എന്ന മറുപടി ലഭ്യമാക്കി. മേൽ രണ്ടു പ്രവൃത്തികളിൽ കുറഞ്ഞ നിരക്കിലുള്ള ടെന്ററർ അംഗീകരിക്കാതെ സെക്രട്ടറിയുടെയും അസി. എഞ്ചിനീയറുടെയും ഉപദേശം മറികടന്ന് റീ-ടെന്ററർ ചെയ്യാൻ തീരുമാനിച്ചതുവഴി ഉണ്ടായ 1,93,885/-രൂപയുടെ നഷ്ടം 05.11.2021 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങളിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 2/11-10-2023.**
**നിരാകരണം – 1,93,885/-രൂപ**

## <u>1-28 പട്ടികജാതി വിഭാഗത്തിൽപ്പെട്ട അനർഹരായ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകി</u>

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകുന്നതിന് അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയിൽ (87/23) ഉൾപ്പെടുത്തി അനർഹരായ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകി. GEM മുഖേന 19 ലാപ്പ്ടോപ്പ് K.M. ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് എസ്.സി.പി. ഫണ്ടിൽ നിന്നും 7,70,976/- രൂപ ചെലവഴിച്ചു.

ബിൽ നമ്പർ – 1038121-12.01.2023- 3,91,230/- രൂപ.
ബിൽ നമ്പർ – 1511074-28.03.2023- 3,79,746/- രൂപ.

ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കംപ്യൂട്ടർ സയൻസ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, ഐ.റ്റി.ഐ., അംഗീകൃത മെഡിക്കൽ സയൻസ് ഡിപ്ലോമ എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കാണ് പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി-ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.7 പ്രകാരം ലാപ്പ്ടോപ്പ് ലഭിക്കുന്നതിന് അർഹതയുള്ളത്. എന്നാൽ മേൽ പറഞ്ഞ കോഴ്സുകളിൽ ഉൾപ്പെടാത്ത കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകിയതായി പരിശോധനയിൽ വ്യക്തമായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | സ്ഥാപനം |
|---|---|---|---|
| 1 | കുമാരി അനശ്വര ആർ.ജി | ഡി.സി.എ. (6 മാസം) | എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി |
| 2 | കുമാരി ശ്യാമ എസ്. | സി.ഒ.പി.ഒ. (1 വർഷം) | സെന്ററൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പ്രൈവറ്റ് ഐ.റ്റി,ഐ. |

സബ്സിഡി-ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ള ഡിപ്ലോമ കോഴ്സുകൾ സംബന്ധിച്ചുണ്ടായ വ്യക്തത കുറവ് മൂലമാണ് ആനുകൂല്യം നൽകിയതെന്ന് ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥയായ അസി. സെക്രട്ടറി മറുപടി ലഭ്യമാക്കി. ആനുകൂല്യം നൽകുന്നതിന് മുമ്പ് ഗുണഭോക്താവിന്റെ അർഹത പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയായതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 79,227/-രൂപയുടെ (ജി.എസ്.ടി. ഒഴികെ) ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി -16/16.10.2023.**
**നിരാകരിക്കുന്ന തുക – 79,227/- രൂപ.**

## 1-29 അങ്കണവാടി കെട്ടിടനിർമ്മാണം ആരംഭിച്ചില്ല

2017-18 ൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ "അങ്കണവാടി കെട്ടിടനിർമ്മാണം" (127/18) എന്ന പദ്ധതിയുടെ പൂർത്തീകരണത്തിനായി എം.ജി.എൻ.ആർ.ഇ.ജി.എസ്. സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് 6,00,000/- രൂപ (ബിൽ നമ്പർ-31/22.03.2018) കൈമാറിയിട്ടുണ്ട്. വികസനഫണ്ട് (ജനറൽ) വിഹിതമാണ് പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്. പദ്ധതിയുടെ പൂർത്തീകരണത്തിനായി ഐ.സി.ഡി.എസിൽ നിന്നും ലഭിക്കുന്ന അധിക വിഹിതമായ 2,00,000/-രൂപയും എം.ജി.എൻ.ആർ.ഇ.ജി.എസ്. വിഹിതമായി 5,00,000/- രൂപയും കൂടി ചേർത്ത് 2022-23 ൽ 41-ാം നമ്പർ അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ 26/4/2022 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. ആക്ഷൻ പ്ലാനിൽ തൻവർഷം ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുടർനടപടി സ്വീകരിക്കുന്നതിനായി സെക്രട്ടറി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവരുടെയും, ഗ്രാമപ്പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-30 കരാറുകാരിൽ നിന്നും ജി.എസ്.റ്റി. ഈടാക്കിയില്ല

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിച്ച ചുവടെ ചേർക്കുന്ന ആസ്തി നിർമ്മാണ പ്രവൃത്തികളിൽ കരാർ പ്രകാരം മെറ്റീരിയൽ വിതരണം ചെയ്ത കരാറുകാരിൽ നിന്നും ജി.എസ്.റ്റി. വിഹിതം കുറവു ചെയ്യാതെയാണ് തുക നൽകിയിരിക്കുന്നത്. ജി.എസ്.റ്റി. നിയമം സെക്ഷൻ 51(1) പ്രകാരം കരാർ തുക 2,50,000/- രൂപയിൽ അധികമാകുന്ന സാധനങ്ങളുടേയും സേവനങ്ങളുടെയും കാരാറുകാരിൽ നിന്നു 2% ജി.എസ്.റ്റി. ബില്ലിൽ നിന്നും കുറവു ചെയ്യേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശങ്ങൾ | മെറ്റീരിയൽ വില | ഈടാക്കേണ്ട നികുതി |
|---|---|---|---|
| 1 | കോളനി - കാരായ്മ ഏലാ റേഡ് (RC - 301194)<br>അടങ്കൽ – 4,50,810/- രൂപ<br>ചെലവ് – 4,40,069/-രൂപ<br>കരാരുകാരൻ - ശ്രീ. സാബു | 3,12,387/- രൂപ | 6,248/- രൂപ |
| 2 | ലൈല മുക്ക് - കാട്ടൂർ റോഡ് Rc 300876 കോൺക്രീറ്റ് - വാർഡ് 06<br>അടങ്കൽ - 4,23,112/-രൂപ<br>ചെലവ് – 4,16,827/-രൂപ<br>കരാറുകാരൻ – ശ്രീ. ഫൈസൽ | 3,36,163/-രൂപ | 6,723/- രൂപ |

മേൽ കരാറുകാരിൽ നിന്നും നികുതി ഈടാക്കി ഒടുക്കുവരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ആസ്തി നിർമ്മാണ പ്രവൃത്തികൾക്കു എസ്റ്റിമേറ്റു നിരക്കിലാണ് ക്വട്ടേഷനുകൾ ലഭ്യമായത്. രണ്ടു ക്വട്ടേഷനുകൾ ലഭ്യമായിതിൽ ഒരു കരാറുകാരനു ക്വട്ടേഷൻ അംഗീകിരച്ചു നൽകിയിരിക്കുന്നു. ഒരേ നിരക്കിൽ ലഭ്യമായതിൽ നിന്നും കരാറുകാരനെ തെരെഞ്ഞെടുത്തത് ഏതു മാനദണ്ഡ പ്രകാരമാണെന്നു രേഖപ്പെടുത്തിയിട്ടില്ല. നെഗോസിയേഷൻ നടത്തിയിട്ടുമില്ല. ഒരേ നിരക്കു ക്വോട്ടു ചെയ്യപ്പെടുന്ന സാഹചര്യത്തിൽ നെഗോസിയേഷൻ നടത്തി കുറഞ്ഞ നിരക്ക് ഓഫർ ചെയ്യുന്നവർക്ക് ക്വട്ടേഷൻ അനുവദിച്ചു നൽകേണ്ടതാണ്.

## 1-31 തനതു വിഭവ സമാഹരണം- അവലോകനം

### I) വസ്തുനികുതി പരിഷ്ക്കരണം

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/

തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ</u>

2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതി 2023-24 മുതൽ അടുത്ത അഞ്ച് വർഷത്തേയ്ക്ക് നിലവിലുള്ള നിരക്കിന്റെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി.

2. <u>കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കൽ</u>

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലമുള്ള നികുതി നഷ്ടം ഒഴിവാക്കാൻ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. ആയതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3. <u>2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ</u>

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 28.04.2023-ലെ 3(1)-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. തുടർന്ന് 01.07.2023 ലെ 5(1) തീരുമാനപ്രകാരം ഓരോ വിഭാഗം കെട്ടിടങ്ങളുടേയും അടിസ്ഥാന വസ്തു നികുതി നിരക്കുകൾ അന്തിമമാക്കിയിട്ടുണ്ട്.

4. <u>അനധികൃത നിർമ്മാണങ്ങളുടെ നികുതി ഈടാക്കൽ</u>.

2011 ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് U.A. നമ്പർ നൽകേണ്ടതും അനധികൃതനിർമ്മാണം കണ്ടെത്തിയ വർഷം രേഖപ്പെടുത്തേണ്ടതുമാണ്. ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 233, ഉപവകുപ്പ് 2 ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനു ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് അനുശാസിക്കുന്നു. ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള അനധികൃത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്തു വരുന്നില്ല. ഇക്കാരണത്തിൽ നികുതി വരുമാനത്തിലുണ്ടാകേണ്ട വരുമാനം നഷ്ടമാകുന്നുണ്ട്. (ഖണ്ഡിക 1-15 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

## II) <u>സേവന ഉപനികുതി</u>

സേവന ഉപനികുതി നിലവിൽ ഈടാക്കുന്നില്ല. 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുതകെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2023-24 പ്രാബല്യത്തിൽ നടപ്പിലാക്കുന്ന വസ്തുനികുതി പരിഷ്കരണത്തോടനുബന്ധിച്ച് സേവന ഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ് .

III) **തൊഴിൽ നികുതി**

ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, തുടങ്ങിയവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് .

IV) **ലൈസൻസ്-ഫീസ്**

കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട് (ഖണ്ഡിക 1-12 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

**പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടിയില്ല**

തനത് വരവുകളുടെ പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്യുകയും ക്യാമ്പ് കളക്ഷനുകൾ ഉൾപ്പെടെ സംഘടിപ്പിച്ച് നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെടുകയോ, ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല. പോരുവഴി ഗ്രാമപഞ്ചായത്ത് വക സ്ഥലത്ത് കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 2014-15 വർഷത്തെ വനിതാ വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ കുടുംബശ്രീ വിപണനകേന്ദ്രം നാളിതുവരെയും വാടകയ്ക്ക് നൽകിയില്ല. കെട്ടിടം മെയിന്റനൻസ് നടത്തി വാടകയ്ക്ക് നൽകി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 ഹരിതകർമ്മസേന-അവലോകനം

ഗ്രാമപഞ്ചായത്തിൽ 18 വാർഡുകളിലായി 9480 കുടുംബങ്ങളും 1248 സ്ഥാപനങ്ങളുമുള്ളതായി രേഖകൾ വ്യക്തമാക്കുന്നു. ആകെ ജനസംഖ്യ 28872 (2011 കാനേഷുമാരി വിവരങ്ങൾ). ഗ്രാമപഞ്ചായത്തിൽ നിലവിൽ 18 വാർഡുകളിലായി, ഓരോ വാർഡിലും 2 പേർ വീതം, 36 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന, വാർഡുകളിലെ എല്ലാ ഭവനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും എല്ലാ മാസവും അജൈവ മാലിന്യങ്ങൾ ശേഖരിച്ചുവരുന്നു. വീടുകളിൽ നിന്നും മാസം തോറും 50/- രൂപ നിരക്കിലും വാണിജ്യസ്ഥാപനങ്ങളിൽ നിന്നും 100/- രൂപ നിരക്കിലുമാണ് യൂസർ ഫീ ഈടാക്കുന്നത്. വാർഡുകളിലെ എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും കൃത്യമായ ഇടവേളകളിൽ മാലിന്യങ്ങൾ ശേഖരിക്കുവാൻ കഴിയുന്നില്ല. ശേഖരിക്കുന്നവ തരംതിരിച്ച്

ക്രമീകരിക്കുകയും ക്ലീൻ കേരളക്ക് നൽകുകയും ചെയ്യുന്നുണ്ടെങ്കിലും എം.സി.എഫിന്റെ അഭാവത്തിൽ മിക്ക വാർഡുകളിലും മിനി എം.സി.എഫുകൾക്ക് ചുറ്റുപാടും മാലിന്യം നിറഞ്ഞുകിടക്കുന്നതായി ഭൗതിക പരിശോധനയിൽ കാണുവാൻ കഴിഞ്ഞു. 100% വീടുകളും കടകളും കവറേജ് ചെയ്യുന്നുണ്ടെങ്കിലും പൂർണ്ണമായും യൂസർ ഫീ കളക്ഷൻ നടക്കുന്നില്ല. 'ഹരിതമിത്രം' ആപ്പ് വഴി എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കിയിട്ടുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ചാണ് ക്ലീൻ കേരള കമ്പിനിക്ക് കൈമാറുന്നത്. ബെയിലിംഗ് മെഷീൻ വാങ്ങി സ്ഥാപിച്ചിട്ടില്ല.

യൂസർഫീ ഇനത്തിലും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൈമാറുന്നതിലൂടെയും ലഭ്യമാകുന്ന തുക നിക്ഷേപിക്കുന്നതിന് കൺസോഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ ഗ്രാമീൺ ബാങ്ക് ഭരണിക്കാവ് ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നിക്ഷേപിക്കപ്പെടുന്നതിൽ 10% തുക അക്കൗണ്ടിൽ നിലനിർത്തിയശേഷമുള്ള തുക പ്രതിമാസം, ഓരോ അംഗത്തിനും അയാളുടെ കളക്ഷന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് വഴി വിതരണം നടത്തുന്നു. പ്രതിമാസം ഹരിത കർമ്മസേനാംഗങ്ങൾക്ക് 6,474/- രൂപ ശരാശരി വേതനം ഇനത്തിൽ ലഭിക്കുന്നു. കൺസോഷ്യം അക്കൗണ്ടിൽ ശേഷിക്കുന്ന തുക എല്ലാവർഷവും ഓണത്തിന് ബോണസ് ഇനത്തിൽ, പ്രവർത്തനമേന്മ കൂടി കണക്കിലെടുത്ത്, സേനാംഗങ്ങൾക്ക് വീതിച്ചു നൽകുന്നു.

ഹരിതകർമ്മസേനയുടെ പ്രവർത്തനം സൂക്ഷ്മതലത്തിൽ നിരീക്ഷിക്കപ്പെടുന്നു. ഇതിനായി ജനപ്രതിനിധികൾ, നോഡൽ ഓഫീസർ (അസി. സെക്രട്ടറി), നിർവ്വഹണ ഉദ്യോഗസ്ഥൻ (VEO), ഹരിത സഹായ സ്ഥാപന പ്രതിനിധി, എന്നിവരടങ്ങുന്ന സമിതി പ്രവർത്തിക്കുന്നുണ്ടെങ്കിലും, നാളിതുവരെ പിഴയിനത്തിൽ തുക ഈടാക്കിയിട്ടില്ല.

ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെ പഞ്ചായത്ത് വാങ്ങി നൽകി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് ആപ്പ് നടപ്പിലാക്കിയതിന്റെ ഭാഗമായി എല്ലാ ഭവനങ്ങളിലും ക്യു.ആർ. കോഡ് പതിച്ച് യൂസർഫീ കളക്ട് ചെയ്യുന്നു. എല്ലാ വാർഡുകളിലും മിനി എം.സി.എഫ്, സേനാംഗങ്ങൾക്ക് യൂണിഫോം, തൊപ്പി, ഗ്ലൗസ്, ഗംബൂട്ട്, തിരിച്ചറിയൽ കാർഡ്, വാഹന സൗകര്യങ്ങൾ എന്നിവ നൽകുന്നുണ്ട്. ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക്ക് വാഹനം(KL.61F-6808) നിലവിലുണ്ട്.

പഞ്ചായത്തിന്റെയും ഹരിതകർമ്മസേനാംഗങ്ങളുടെയും ആഭിമുഖ്യത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെയും പ്രധാന്യത്തേയും കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് സാധ്യമായിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റും വാർഡ് തലത്തിൽ നോട്ടിസ് മുഖേന ബോധവൽക്കരണവും നടത്തിയിട്ടുണ്ട്.

**ഹരിതകർമ്മസേന വരവ് – ചെലവ് റിപ്പോർട്ട് : 2022-23**

| ആകെ വരവ് (രൂപ) | ക്ലീൻ കേരള കമ്പിനിയിൽ നിന്നുള്ള വരവ് (രൂപ) | ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകിയ വേതനം (രൂപ) |
|---|---|---|
| 19,18,796/- | 1,42,741.16 | 19,05,676/- |

**<u>നിർദ്ദേശങ്ങൾ</u>**

1. നിലവിൽ ഹരിതകർമ്മസേനയ്ക്ക് യൂസർഫി നൽകി അജൈവ മാലിന്യങ്ങൾ കൈമാറാതെ നിസ്സഹരിക്കുന്ന വീടുകൾക്കും സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി പിഴ ഈടാക്കുന്നതുൾപ്പടെയുള്ള നിയമ നടപടികൾ സ്വീകരിക്കാവുന്നതാണ്.

2. വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം സൂക്ഷിക്കുവാൻ താൽക്കാലിക സംവിധാനങ്ങൾ ഇനിയും ഇല്ലാത്തിടങ്ങളിൽ സമയബന്ധിതമായി മിനി MCF സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. പ്രധാന കേന്ദ്രങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം

3. "മാലിന്യ മുക്ത പഞ്ചായത്ത് " എന്ന ലക്ഷ്യത്തിനായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുവാനായി ആവശ്യകത നിർണയ സർവേ നടത്തി, എല്ലാ ഇടങ്ങളിലും സബ്സിഡി

നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

4. സമയബന്ധിതമായും ക്രമമായ ഇടവേളകളിലും മാലിന്യങ്ങൾ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന ക്ലീൻ കേരള കമ്പനി ഏറ്റെടുക്കുകയും കരാർ വ്യവസ്ഥ പ്രകാരം തുക നല്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

5. വ്യാപാരി വ്യവസായികളുടെ വിറ്റുവരവിനു അനുസൃതമായി യൂസർഫീ ഹരിതമിത്രം ആപ്പിൽ മാറ്റം വരുത്തുന്നതിന് സർക്കാർ തലത്തിൽ നിയമ നടപടികൾ സ്വീകരിക്കുന്നത്

6. ബെയിലിംഗ് യൂണിറ്റ് വാങ്ങി സ്ഥാപിക്കേണ്ടതാണ്.

7. ജൈവമാലിന്യങ്ങൾ ഉപയുക്തമാക്കിക്കൊണ്ട് വളമാക്കി വിതരണം ചെയ്യാവുന്നവിധം സംവിധാനങ്ങൾ നടപ്പാക്കാവുന്നതാണ്.

8. പഞ്ചായത്ത് തലത്തിൽ പരാതിപരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.
9. പ്ലാസ്റ്റിക് കത്തിക്കുന്നതിന്റെ ദോഷഫലങ്ങളെക്കുറിച്ചും, അവയുടെ വിനിയോഗം കുറയ്ക്കുന്നതിന്റേയും, അവ ശാസ്ത്രീയമായി പുനരുപയോഗത്തിലൂടെ നിർമ്മാർജനം ചെയ്യേണ്ടതിന്റെയും ആവശ്യകതയെപ്പറ്റിയും പൊതുജനാവബോധം വളർത്തുന്നതിന് ആവശ്യമായ നിരന്തര കർമ്മ പരിപാടികൾ കൂടി ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തന കലണ്ടറിൽ ഉൾപ്പെടുത്തി പ്രാവർത്തികമാക്കാവുന്നതാണ്.

## 1-33 തൊഴിലുറപ്പ് പദ്ധതി - വസ്തുവിന്റെ വിസ്തൃതിയിൽ കൂടുതൽ സ്ഥലത്തു പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി വേതനം നൽകി

തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ ജലസംരക്ഷണ പ്രവൃത്തികളിൽ ഭൂമിയുടെ അളവിനെക്കാൾ കൂടുതൽ ഏരിയയിൽ പ്രവൃത്തി ചെയ്തതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തൽ നടത്തി വേതനം നൽകിയിരിക്കുന്നു. ഭൂമിയുടെ അളവിനെക്കാൾ അധികമായി പ്രവൃത്തി നടന്നതായി രേഖപ്പടുത്തൽ നടത്തി നൽകിയ വേതനച്ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പ്രവൃത്തിയിൽ ഉൽപ്പട്ടിട്ടുള്ള ഇനങ്ങൾ :-

ഇനം 1 – 80TM.C2 Clearing Jungle Including Uprooting Ramk Vegitagtion........@14.928/Sqm

ഇനം 2 – 80.8.277 Earthwork Excavation By Manual Means......Kind Of Soil@213.968/M3

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശങ്ങൾ | ഭൂമിയുടെ അളവു(കരം ഒടുക്കു രസീതു പ്രകാരവും അളവു പുസ്തത്തിലെ രേഖപ്പെടുത്തൽ പ്രകാരവും) | അളവു പുസ്തകപ്രകാരം പ്രവൃത്തിയുടെ അളവ് | മനുഷ്യ ദിനത്തിന് നിജപ്പെടുത്തി നൽകിയ വേതനം (₹) | അധികമായി രേഖപ്പെടുത്തിയ പ്രവൃത്തിയുടെ അളവു പ്രകാരമുള്ള ചെലവ് (₹) | അംഗീകരിക്കാത്ത ചെലവു തുക (₹) |
|---|---|---|---|---|---|---|
| 1. | വാർഡ് - 11 W C 568049<br>അടങ്കൽ- 314995/- രൂപ<br>ചെലവ്-280646/- രൂപ | പാർട്ട് ബിൽ 1 പ്രകാരം ഭൂമിയുടെ അളവ്-20.35 Are=2035m2<br>(സർവെ നം.411/8,407/2-12.5 ആർ- ചന്ദ്രശേഖര കുറുപ്പ്, സർവെ നം.427/16,527/5- 10 ആർ- സലീന-പോരുവഴി വില്ലേജ്) | ഇനം.1- 3438m2@14.928 =51322.4<br>ഇനം.2- 386.77m3@213.968 =82756.4<br>ആകെ 134078.8 | 132610/-<br>FTO No.<br>1102535/14.03.23<br>1102574/14.03.23 | ഇനം.(1)3438-2035 =1403m2@14.928 =20944<br>ഇനം.(2)386.77-229 =157.8m3@213.968 =33771.7<br>ആകെ- 54716 രൂപ<br>(ഇനം 2ന്റെ അളവു ഭൂമിയുടെ വിസ്തീർത്തിനു ആനുപാതികമായത്- 386.77/3438*2035) | 77894/-<br>(132610-54716) |
| | | പാർട്ട് ബിൽ2- പ്രകാരം ഭൂമിയുടെ അളവ്-13.18Are=1317.5m2<br>(സർവെ നം.408/10-6,48 ആർ- അനന്തകൃഷ്ണൻ കുറുപ്പ്,<br>സർവെ നം.410/7,416/7, 422/14,398/7, 410/18- 6.7 ആർ- | ഇനം.1- 2936m2@14.928 =43828.6<br>ഇനം.2- 330.3m3@213.968 =70673.6<br>ആകെ 114501.6 | 99831/-<br>FTO No.<br>116576/22.03.23<br>1161599/22.03.23 | ഇനം.(1)2936-1317.5 =1618.5m2@14.928 =24160.9<br>ഇനം.(2)330.3-148.21 =182.08m3@213.968 =38959.29<br>ആകെ- 63120 രൂപ<br>(ഇനം 2ന്റെ അളവു ഭൂമിയുടെ വിസ്തീർത്തിനു | 36711/-<br>(99831-63120) |

| | | | | | | |
|---|---|---|---|---|---|---|
| | | സരസ്സമ്മ-പോരുവഴി വില്ലേജ്) | | | ആനുപാതികമായത്-330.3/2936*1317.5) | |
| | | പാർട്ട് ബിൽ-3 പ്രകാരം ഭൂമിയുടെ അളവ്-16.7 Are=1669.3m2<br>(സർവെ നം.398/8,-6.7 ആർ-സിറാജുദീൻ, സർവെ നം.427/16,527/5- 10 ആർ-സലീന-പോരുവഴി വില്ലേജ്) | ഇനം.1-1248m2@14.928 =18630.14<br>ഇനം.2-140.39m3@213.968 =30038.9<br>ആകെ48668.14 | 48205/-<br>FTO No. 1161641/22.03.23 1161653/22.03.23 | ഇനം.1-1006.3m2@14.928 =15022<br>ഇനം.2-113.2m3@213.968 =24221.3<br>ആകെ-39243<br>(ഇനം 2ന്റെ അളവു ഭൂമിയുടെ വിസ്തീർത്തിനു ആനുപാതികമായത്-140.39/1248*1006.3) | 8962/-<br>(48205-39243) |
| 2 | വാർഡ് - 12 W C 568060<br>അടങ്കൽ- 314995/- രൂപ<br>ചെലവ്-309801/- രൂപ | പാർട്ട് ബിൽ 2 പ്രകാരം ഭൂമിയുടെ അളവ്-21.1 Are=2109.2m<br>(സർവെ നം.307/18, 307/11.1- നബീസ-21.1 ആർ പോരുവഴി വില്ലേജ്) | ഇനം.1-2380m2@14.928 =35528.6<br>ഇനം.2-267.75m3@213.968 =57289.9<br>ആകെ92818.5 | 92700/-<br>FTONo.1172190/24-3-23 | ഇനം.1-2109.17m2@14.928 =31485.7<br>ഇനം.2-M3@237.28@213.968 =50770.3<br>ആകെ-82256<br>(ഇനം 2ന്റെ അളവു ഭൂമിയുടെ വിസ്തീർത്തിനു ആനുപാതികമായത്-267.75/2380*2109.17) | 10444/-<br>(92700-82256) |
| 3 | വാർഡ്11-Wc-534229<br>അടങ്കൽ- 314995/- രൂപ<br>ചെലവ്-309408/- രൂപ | പാർട്ട് ബിൽ-2 പ്രകാരം ഭൂമിയുടെ അളവ്- 24.9ആർ = 2489m2<br>(ഹരിദാസൻ-6.7 ആർ-/,-ഗീത- 1.8 ആർ ചന്ദ്രശേഖരൻ പിള്ള-16.4 ആർ)<br>പോരുവഴി വില്ലേജ്) | ഇനം.1-3776m2@14.928 =56368.1<br>ഇനം.2-424.8m3@213.968 =90893.6<br>ആകെ147261.7 | 161098/-<br>FTONo.807874/12-12-22&80770/12-12-22<br>തുക-74324+86769 =161098/- | ഇനം.1-2489m2@14.928 =37155.79<br>ഇനം.2-280m3@213.968 =59911<br>ആകെ-97066.8<br>(ഇനം 2ന്റെ അളവു ഭൂമിയുടെ വിസ്തീർത്തിനു ആനുപാതികമായത്-424.8/3776*2489) | 64031/-<br>(161098-97066.8) |
| 4 | വാർഡ് 03-Wc-539571<br>അടങ്കൽ- 174597/- രൂപ<br>ചെലവ്-170428/- രൂപ<br>അളവു പുസ്തകം-118/22-23 | ബിൽ പ്രകാരം ഭൂമിയുടെ അളവ് - 41 ആർ= 4098.39m2 (ഓമന-8.6+9.75 ആർ-സുധർമ്മ- 13 ഇന്ദിര 9.65 ആർ)<br>പോരുവഴി വില്ലേജ്) | ഇനം.1-4410m2@14.928 =65832.4<br>ഇനം.2-496.125m3@213.968 =106154.8<br>ആകെ171987.2 | 170428/-<br>FTO No. 626937/27-10-22-&626917/27-10-22<br>തുക-130931+39497 | ഇനം.1-4098.39m2@14.928 =61180.76<br>ഇനം.2-461.06m3@213.968 =59911<br>ആകെ-158564.98<br>(ഇനം 2ന്റെ അളവു ഭൂമിയുടെ വിസ്തീർത്തിനു ആനുപാതികമായത്-496.125/4410*4098.39) | 11863.01 |
| | ആകെ | | | | | 2,09,905/- |

അധികമായി നൽകിയ തുക അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടിയാളുകളുടെ വ്യത്യസ്ത ഭൂമിയിലാണ് പ്രവൃത്തി നടന്നതെന്ന മറുപടി നൽകി. എന്നാൽ അളവു പുസ്തകത്തിലെ രേഖപ്പെടുത്തൽ, കരം ഒടുക്കിയ രസീത് എന്നിവ പ്രകാരം ടി മറുപടി വസ്തുതാവിരുദ്ധമാണ്.

**ഓഡിറ്റ് എൻക്വയറി നം. 20/17-10-2023.**

**നിരാകരണം – 2,09,905/- രൂപ.**

## 1-34 ഒരേ വസ്തുവിൽ ഒരേ പ്രവൃത്തി - രണ്ട് തവണ തുക നൽകി

1. **പ്രവൃത്തിയുടെ പേര് – ജലസംരക്ഷണം**

വർക്ക് കോഡ്-568049

ഈ പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബിൽ പ്രകാരം ശ്രീ. ചന്ദ്രശേഖരകുറുപ്പ് (സർവെ നം. 411/8, 407/2 – 12.35 ആർ), ശ്രീമതി. സെലീന (സർവേ നം. (427/16, 427/5, 427/17–10 ആർ) എന്നിവരുടെ വസ്തുവിൽ ജലസംരക്ഷണ പ്രവൃത്തികൾ ചെയ്തതിനു ഒന്നാം പാർട്ട് ബിൽ പ്രകാരം 1,32,610/- രൂപ വേതനം നൽകി.

പ്രവൃത്തിയുടെ വിശദാംശങ്ങൾ

ഇനം. (1) 80Tm.C2 Clearing Jungle............3438m2@14.928 = 51322.4

ഇനം. (2) 80.8.277 Earth Work Excavation ....386.77m3@213.968 =82756.4

ആകെ 134078.8 (വേതനം നിജപ്പെടുത്തിയ തൂക 1,32,610/-രൂപ)

ഈ പ്രവൃത്തിയുടെ മൂന്നാം പാർട്ട് ബില്ലിലും ശ്രീമതി. സെലീനയുടെ മേൽസർവേ നമ്പറിൽ തന്നെ പെട്ട (427/16, 427/5, 427/17–) 10 ആർ വസ്തുവിൽ പ്രവൃത്തി ചെയ്തിനു വേതനം നൽകിയിരിക്കുന്നു. ശ്രീ. സിറാജുദ്ദാന്റെ 6.7 ആർ വസ്തുവിലും ശ്രീമതി. സെലീനയുടെ 10 ആർ വസ്തുവിലുമായി പ്രവൃത്തി ചെയ്തതിനു 48,205/- രൂപ നൽകിയിരിക്കുന്നു.

പ്രവൃത്തിയുടെ വിശദാംശങ്ങൾ

ഇനം. (1) 80Tm.C2 Clearing Jungle............1248m2@14.928 = 18630.1

ഇനം. (2) 80.8.277 Earth Work Excavation ....140.39m3@213.968 =30038.96

ആകെ 48669/-രൂപ (വേതനം നിജപ്പെടുത്തിയ തുക 48,205/രൂപ)

മൂന്നാം പാർട്ട് ബിൽ പ്രകാരം ശ്രീമതി സെലീനയുടെ വസ്തുവിൽ ചെയ്ത പ്രവൃത്തിക്ക് നൽകിയ 29,129/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

<u>നഷ്ടതുകയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.</u>

പാർട്ട് ബിൽ 3 ൽ ഇനം (1) ൽ ചെയ്ത പ്രവത്തിയുടെ അളവ് – 1248m$^2$ (16.7 ആർ (1669.3m2) വസ്തുവിൽ സെലീനയുടെ 10 ആർ (999, 6m$^2$) വസ്തുവിൽ ആനുപാതികമായി ചെയ്ത പ്രവൃത്തി =1248/1669.38*999.6 = 747.3@14.928 = 11,155.69 രൂപ

ഇനം (2) ചെയ്ത പ്രവത്തിയുടെ അളവ് – 140.39m$^3$ (16.7 ആർ (1669.3m$^2$) വസ്തുവിൽ സെലീനയുടെ 10 ആർ (999, 6m$^2$) വസ്തുവിൽ ആനുപാതികമായി ചെയ്ത പ്രവൃത്തി
= 140.39/1669.38*999.6 = 84@213.968 = 17,973/-രൂപ

നഷ്ടതുക = 11155.69+17973 = 29,129/-രൂപ

2. **<u>പ്രവൃത്തിയുടെ പേര് - ജലസംരക്ഷണം - വാർഡ്-3</u>**

വർക്ക് കോഡ് - WC539571

അടങ്കൽ – 1,74,597/-രൂപ

അളവു പുസ്തകം – 118/22-23

എഫ്.റ്റി.ഒ. നം. 626937/27-10-22 തുക – 1,30,931/-രൂപ

എഫ് .റ്റി ഒ നം.626917/27-10-22 തൂക - 39,494/-രൂപ

ഈ പ്രവൃത്തിയുടെ ബിൽ പ്രകാരം ശ്രീമതി സുധർമ്മ, 13 ആർ, സർവേ നം. 457/12-2 ശ്രീമതി ഇന്ദിര, 9.65 ആർ (സർവേ നം.460/11/), ശ്രീമതി. ഓമന 18.35 ആർ (സർവേ നം.(477/10,477//9) എന്നിവരുടെ വസ്തുവിൽ ജലസംരക്ഷണ പ്രവൃത്തികൾ ചെയ്തതിനു ബിൽ പ്രകാരം 1,70,428/- രൂപ വേതനമിനത്തിൽ നൽകി.

പ്രവൃത്തിയുടെ വിശദാംശങ്ങൾ

ഇനം. (1) 80Tm.C2 Clearing Jungle............4410m2@14.928 = 65832.48

ഇനം. (2) 80.8.277 Earth Work Excavation ....496.125m3@213.968 = 106154.8

ആകെ 171987.4 (വേതനം നിജപ്പെടുത്തിയ തുക 1,70,428/-രൂപ)

വർക്ക് കോഡ് നം. WC510066 എന്ന പ്രവൃത്തിയിലും ശ്രീമതി. ഓമനയുടെ 477/10, 477/9 എന്നീ സർവേ നമ്പറിൽ പെട്ട 8.6+9.75 ആർ വസ്തുവിൽ പ്രവൃത്തി ചെയ്തിനു വേതനം നൽകിയിരിക്കുന്നു.

ശ്രീമതി തങ്കമണിയുടെ 18.61 ആറിലും ശ്രീമതി. ഓമനയുടെ 18.35 വസ്തുവിലുമായി പ്രവൃത്തി ചെയ്തതിനു 75,030/-രൂപ നൽകിയിരിക്കുന്നു. (എഫ്.റ്റി.ഒ. നം. 1138354/18-3-23, 1138327/18-3-23)

പ്രവൃത്തിയുടെ വിശദാംശങ്ങൾ

ഇനം. (1) 80Tm.C2 Clearing Jungle...........1924m2@14.928= 28721.47

ഇനം. (2) 80.8.277 Earth Work Excavation ....216.44m3@213.968=46311.2

ആകെ 75032.6 (വേതനം നിജപ്പെടുത്തിയ തുക 75,030/-രൂപ)

ഈ ബിൽ പ്രകാരം ശ്രീമതി ഓാമനയുടെ വസ്തുവിൽ ചെയ്ത പ്രവൃത്തിക്ക് നൽകിയ 37,250/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

നഷ്ടതുകയുടെ വിശദാംശങ്ങൾ

വർക്ക് കോഡ് നം. WC510066 ൽ ഇനം (1) ൽ ചെയ്ത പ്രവത്തിയുടെ അളവ് – 1924m$^2$ [36.96 ആർ (3694.55m$^2$) വസ്തുവിൽ] ശ്രീമതി ഓാമനയുടെ 18.35 ആർ (1834.2m$^2$) വസ്തുവിൽ ആനുപാതികമായി ചെയ്ത പ്രവൃത്തി
= 1924/3694.55*1834.2 = 955.19@14.928 = 14259

ഇനം (2) ചെയ്ത പ്രവത്തിയുടെ അളവ് -216.44m$^3$ (36.96 ആർ (3694.55m$^2$) വസ്തുവിൽ ഓാമനയുടെ 18.35 (1834.2m$^2$) വസ്തുവിൽ ആനുപാതികമായി ചെയ്ത പ്രവൃത്തി
= 216.44/3694.55*1834.2 = 107.45@213.968 = 22990.86

അധിക ചെലവ് = 14259 + 22990.86 = 37250/-രൂപ.

ക്രമ നം. 1 & 2 പ്രകാരം അധികം നൽകിയ 66,379/-രൂപ (29129+37250) ബന്ധപ്പെട്ട അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഈ വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഭൂഉടമകളുടെ വ്യത്യസ്ത ഭൂമിയിലാണ് പ്രവൃത്തി ചെയ്തതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ അളവു പുസ്തകം, കരം രസീത് എന്നിവ പ്രകാരം ഒരേ വസ്തുവിൽ തന്നെയാണ് പ്രവൃത്തി ചെയ്തത് എന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല. മറ്റു പ്രവൃത്തികളിൽ ഇത്തരത്തിൽ ക്രമക്കേട് നടന്നിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു.

**നിരാകരണം – 66,379/-രൂപ.**
**ഓഡിറ്റ് എൻക്വയറി നം. 20/17-10-2023.**

## 1-35 പഠനമുറി- നിർമ്മാണം ആരംഭിച്ചില്ല

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ വീടുകളോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിനായി അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി (86/23) നടപ്പാക്കിയിട്ടുണ്ട്. എസ്.സി.പി. ഫണ്ടിൽ നിന്ന് 20,28,700/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പഠനമുറി നിർമ്മാണത്തിനായി ആദ്യ ഗഡു കൈപ്പറ്റിയ ശ്രീമതി ശോഭന വൈ, തുണ്ടുപറമ്പിൽ, അമ്പലത്തുംഭാഗം എന്ന ഗുണഭോക്താവ് പഠനമുറി നിർമ്മാണം ആരംഭിച്ചതായി രേഖകൾ പ്രകാരം കാണുന്നില്ല. നിർമ്മാണം ആരംഭിച്ച് തുടർഗഡുക്കൾ കൈപ്പറ്റിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 50,000/- രൂപയുടെ ചെലവ് (ബിൽ നമ്പർ-27/17.03.23) തടസ്സപ്പെടുത്തുന്നു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി -25/17.10.2023.**
**തടസ്സപ്പെടുത്തുന്ന തുക – 50,000/- രൂപ.**

## 1-36 കൂടിയ നിരക്കിലുള്ള ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവഹണം

തൊഴിലുറപ്പ് പദ്ധതിയിലെ ജലസംരക്ഷണ പ്രവൃത്തികളിൽ കൂടിയ നിരക്കിലുള്ള ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി നർവഹണം നടത്തി. ജലസംരക്ഷണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിലെ ഇനം (2) ആയി 80.8.277-Earthwork Escation By Manual Means (Not Exceeding 1.5m In Width)…………Lift Up To .75m…...എന്ന ഇനമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഡിറ്റ് നടത്തിയ സ്ഥല പരിശോധയിൽ നിരപ്പായ സ്ഥലങ്ങളിലാണ് പ്രവൃത്തികൾ നടന്നിട്ടുള്ളത് എന്ന് വ്യക്തമായി.

ചരിഞ്ഞ പ്രദേശങ്ങളിൽ തട്ടുതിരിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ഇനമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനു $M^3$നു 213.9068 രൂപയാണു നിരക്ക്. ഇവിടുത്തെ പ്രവൃത്തികളിൽ ഫീൾഡ് ബണ്ട് നിർമ്മാണമാണ് നടന്നിട്ടുള്ളത്. ഈയിനത്തിനു 80.8.279 എന്ന ഇനം ഉൾപ്പെടുത്തിയാൽ മതിയാകും. ഈയിനത്തിനു 171.05 /$M^3$ ആണു നിരക്ക്. ഭൂപ്രകൃതിയുടെ ഘടനക്കനുസരിച്ച നിരക്കുകൾ പ്രവൃത്തികളിൽ ഉൾപ്പെടുത്തുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## <u>1-37 കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായില്ല</u>

പ്രോജക്റ്റ് നം. 57/23 പ്രകാരം 3,00,000/- രൂപ എസ്.സി.പി. ഫണ്ട് വകയിരുത്തി, 2,89,084/-രൂപ ചെലവവിച്ച തൊണ്ടുകുറ്റി ലക്ഷം വീടു കോളനിയിൽ ടാങ്കും, പൈപ്പും എന്ന പദ്ധതി പ്രവർത്തനക്ഷമമായില്ല. വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള നിർമ്മിതി നടത്തുകയും, വാട്ടർ ടാങ്കും, പ്ലംബിംഗ് ജോലികളും വാട്ടർ മോട്ടോറും സ്ഥാപിച്ചുവെങ്കിലും വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ പദ്ധതി പ്രവർത്തനക്ഷമമായില്ല. പ്രോജക്റ്റ് പ്രവർത്തനക്ഷമമാക്കാനുള്ള തുടർ പദ്ധതികകളാവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

## <u>1-38 തൊഴിലുറപ്പ് പദ്ധതി - പൊതു അവലോകനം</u>

2022-23 ലെ ലേബർ ബജറ്റ് പ്രകാരം 7 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കിയിരുന്നു. മുൻ വർഷങ്ങളിലെ കുടിശിക വേതനം ഉൾപ്പെടെ 7.57/-രൂപ വേതനമിനത്തിലും, മെറ്റീരിയൽ വിലയായും നൽകിയിട്ടുണ്ട്. അൺ സ്കിൽഡ് വേതനമായി 6,62,83,986/-രൂപയും സ്കിൽഡ്/ സെമിസ്കിൽഡ് വേതനമായി 13,21,953/-രൂപയും ചെലവഴിച്ചു. 695 തൊഴിലാളികൾക്ക് 100 ദിനങ്ങൾ ലഭിക്കുകയുംചെയ്തു.

വാട്ടർ കൺസർവേഷൻ, ഭൂവികസനം എന്നീ പ്രവൃത്തികളാണ് പ്രധാനമായും നടപ്പിലാക്കിയത്. തൊഴുത്തു നിർമ്മാണം, തരിശു ഭൂമി വകസനം, കയർ ഭൂവസ്ത്രം വിരിക്കൽ മൺകയ്യാല നിർമ്മാണം, എന്നീ വ്യക്തിഗത ആനുകൂല്യ പ്രവൃത്തികളും നടപ്പിലാക്കി. പൊതു ആസ്തി നിർമ്മാണ പ്രവൃത്തികളും ഏറ്റെടുത്തിട്ടുണ്ട്.

കാർഷികാവശ്യങ്ങൾക്കായുള്ള ഭൂവികസന പ്രവൃത്തികളിലും വാട്ടർ കൺസർവേഷൻ പ്രവൃത്തികളിലും ഭൂമിയുടെ അളവിനു ആനുപാതികമായല്ല പ്രവൃത്തികൾ ചെയ്തത്. ഈയിനത്തിലെ ചെലവു തുക സംബന്ധിച്ചു പ്രത്യേക ഖണ്ഡിക ചേർത്തിട്ടുണ്ട്. Wc/565983 എന്നപ്രവൃത്തിയിൽ ഭൂമിയുടെ ആകെ വിസ്തീർണ്ണത്തെക്കാൾ പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ചെലവുതുക 2023-24 ലാണ് നൽകിയത്. ഭൂരിപക്ഷം ജലജലസംരക്ഷണ പ്രവൃത്തികളിലും മൂന്നു വരെ വ്യക്തികളുടെ 50 സെന്റ് വരെയുള്ള ഭൂമിയിൽ ഒരു ലക്ഷത്തിൽ കൂടുതൽ തുകയുടെ പ്രവൃത്തികൾ ചെയ്തതായി കാണുന്നു. ജലസംരക്ഷണ പ്രവൃത്തികൾ ചെയ്തിരിക്കുന്നത് റബർ തോട്ടങ്ങളിലാണ്. 2 മീറ്റർ നീളത്തിലും 1.5 മീറ്റർ വീതിയിലും ചെറിയ മൺതിട്ട നിർമ്മിക്കുന്ന പദ്ധതിയിൽ 50 സെ.മി. മാത്രം വീതിയുള്ള തിട്ടകളാണ് സൈറ്റ് പരിശോധനയിൽ ഓഡിറ്റിനു കാണാൻ സാധിച്ചത്. തട്ടു തിരിക്കൽ അല്ല ഫീൽഡ് ബണ്ട് നിർമ്മാണമാണ് നടത്തിട്ടുള്ളത്. ആയതിനാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ കൂടിയ നിരക്കിലുള്ള ഇനം (തട്ടു തിരിക്കൽ) ഉൾപ്പെടുത്തിയത് നീതികരിക്കാവുന്നതല്ല. ഈ കാര്യത്തിൽ ഭരണതല പരിശോധന നിർദേശിക്കുന്നു. 2022-23 ൽ നിർവഹണം നടത്തിയ ജലസംരക്ഷണ പ്രവൃത്തികളിൽ വകുപ്പുതല അന്വേഷണത്തിനും തുടർനടപടികൾക്കും ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

വിജിലൻസ് & മോണിറ്ററിംഗ് വിങ്ങിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. സൈറ്റ് ഡയറികൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇത്തരം പ്രവൃത്തികളിൽ കാര്യക്ഷമമായ മോണിട്ടറിംഗ് ഉണ്ടാകേണ്ടതാണ്.

## <u>1-39 പ്രവൃത്തികൾ സ്പിൽ ഓവറാകുന്നത് - തൻവർഷത്തെ പദ്ധതി രൂപീകരണത്തെ ബാധിക്കുന്നു.</u>

മരാമത്ത് വിഭാഗം എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 93 പദ്ധതികൾ ആവിഷ്ക്കരിച്ചതിൽ 61 പദ്ധതികൾ മാത്രമാണ് സ്പിൽ ഓവർ ഉൾപ്പെടെ നടപ്പിലാക്കിയത്. മുൻ വർഷത്തിൽ സ്പിൽ ഓവറായ 15 പദ്ധതികൾക്കായി ഈ വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 65,85,333/- രൂപ വകയിരുത്തേണ്ടി വന്നു. സ്പിൽ ഓവറിൽ പ്രവൃത്തികളിൽ 5 പ്രവൃത്തികൾ ഈ വർഷവും നടപ്പിലായില്ല. തുടർവർഷത്തിൽ 32 പ്രവൃത്തികളാണ് സ്പിൽ ഓവറായി ചെയ്യേണ്ടി വരിക. വിവിധ പദ്ധതി വിഹിത അലോട്ടുമെന്റുകൾ സാമ്പത്തിക വർഷാവസാനം ലാപ്സാകുന്നതിനാൽ തുടർവർഷത്തിലെ പദ്ധതി വിഹിതത്തിൽ നിന്നും സ്പിൽ ഓവർ പദ്ധതികൾക്കു പണം കണ്ടെത്തേണ്ടി വരുന്നതിനാൽ ഒരോ വർഷത്തേയും പുതിയ പദ്ധതികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നു. തുടർ സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതികൾക്കായി 1,15,72,231/- രൂപ അടങ്കൽ വകയിരുത്തേണ്ടി വന്നു.

3/23 വരെ തൻവർഷത്തെ പദ്ധതി നിർവഹണത്തിനു ടെന്ററ് നടപടികൾ സ്വീകരിച്ചതായി കാണുന്നു. പദ്ധതികൾ യഥാസമയം രൂപികരിച്ചു അംഗീകാരം വാങ്ങേണ്ടതും ടെന്റർ നടപടികൾ സമയക്രമം പാലിച്ചു നടപ്പിലാക്കേണ്ടതുമാണ്. ഈ കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യക ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-40 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായും ലഭിച്ചില്ല</u>

ഹോമിയോ ഡിസ്പെൻസറിക്ക് “ഹോംകോയിൽ” നിന്ന് മരുന്ന് വാങ്ങുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. മെയിന്റനൻസ് ഫണ്ട് (റോഡിതരം) വിഹിതത്തിൽ നിന്ന് 2,00,000/-രൂപ (ബിൽ നമ്പർ 12/30.09.2022) ചെലവഴിച്ചു. ഈ ഇനത്തിൽ 99,260/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 99,260/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് താമസംവിനാ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**തടസ്സം – 99,260/-രൂപ**

## <u>1-41 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ആനുകൂല്യം നൽകി</u>

അസ്സി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിൽ ഗ്രാമസഭ അംഗീകരിച്ച് നൽകിയ ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തിഗത ആനുകൂല്യം അനുവദിച്ചു. ചുവടെ ചേർക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് ഇപ്രകാരം ആനുകൂല്യം നൽകിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്, നമ്പർ | ആനുകൂല്യം ലഭിച്ച വ്യക്തിയുടെ പേര് | ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം |
|---|---|---|
| വൃദ്ധജനങ്ങൾക്ക് കട്ടിൽ, 84/23 | 1. തങ്കമ്മ, ചിറയുടെ തെക്കതിൽ, വാർഡ് 14<br>2. ഗൗരി റ്റി., വിനോദ് ഭവനം, വാർഡ് 9 | 28.01.23 ലെ 2/17 നമ്പർ തീരുമാനം |
| പഠനമുറി 86/23 | 1. രമ എൻ, കീപ്പിശ്ശേരിൽ, അമ്പലത്തുംഭാഗം<br>2. സരസ്വതി, അമ്മു ഭവനം, ഇടയ്ക്കാട് | 19.01.23 ലെ 31/1 നമ്പർ തീരുമാനം<br>28.01.23 ലെ 2/18 നമ്പർ തീരുമാനം |
| പുതിയ തുറന്ന കിണർ 49/23 | 1. ലക്ഷ്മി<br>2. സജീവ് | 27.02.23 ലെ 1/15 നമ്പർ തീരുമാനം |

| | | |
|---|---|---|
| | | 06.12.22 ലെ 2/17 നമ്പർ തീരുമാനം |
| പുതിയ തുറന്ന കിണർ 75/23 | 1. മണി, മഞ്ചുഭവനം, അമ്പലത്തുംഭാഗം | 27.02.23 ലെ 5-ാം നമ്പർ തീരുമാനം |

ഗ്രാമസഭ അംഗീകരിച്ച് നൽകുന്ന ഗുണഭോക്തൃ പട്ടികയിലെ അനർഹരായവരെ ഒഴിവാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിക്ക് തീരുമാനമെടുക്കാമെങ്കിലും അർഹരായ വ്യക്തികളെ കൂട്ടിച്ചേർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയാകണമെന്ന് പതിനാലാം പഞ്ചവൽസര പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ളവർക്ക് ആനുകൂല്യം നൽകിയിട്ടുള്ളത് ഗ്രാമസഭയുടെ അംഗീകാരത്തിന് വിധേയമായല്ല. ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയവരുടെ പട്ടിക തുടർന്നുള്ള ഗ്രാമസഭകളിൽ സമർപ്പിച്ച് അംഗീകാരം നേടിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന വാർഷിക പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള പരമമായ അധികാരം ഗ്രാമസഭയിൽ നിക്ഷിപ്തമായതിനാൽ പ്രസ്തുത നടപടിക്രമം സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. തുടർവർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രവർത്തിപ്പിക്കാൻ കഴിയാത്ത സി.സി.ടി.വി. ക്യാമറകൾക്ക് ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജും, കറണ്ട് ചാർജ്ജും ഒടുക്കി. ചെലവ് അംഗീകരിക്കുന്നില്ല.

2022-23 ലെ തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പരിസരങ്ങളിൽ സ്ഥാപിട്ടുള്ള പ്രവർത്തിക്കാത്ത സി.സി.ടി.വി. ക്യാമറകൾക്ക് ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജും, കറണ്ട് ചാർജ്ജും ഒടുക്കിയതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1) **ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജ്.**

| സ്ഥാപനത്തിന്റെ പേര് | ഇനം | നൽകിയ തുക (₹) | ചെക്ക് നം. |
|---|---|---|---|
| ചിപ്പി കേബിൾ നെറ്റ്വർക്ക്, ചക്കുവള്ളി | ചക്കുവള്ളി ചന്തയിലെ സി.സി.ടി.വി. ക്യാമറക്ക് നെറ്റ് കണക്ഷൻ ചാർജ്ജ് | 5,657/- | 735350/ 13.6.22 |
| ചിപ്പി കേബിൾ നെറ്റ്വർക്ക്, ചക്കുവള്ളി. | ചക്കുവള്ളി ചന്തയിലെ സി.സി.ടി.വി. ക്യാമറക്ക് നെറ്റ് കണക്ഷൻ ചാർജ്ജ് | 5,657/- | 204991/ 13.3.23 |
| | ആകെ | 11,314/- | |

2) **കറണ്ട് ചാർജ്ജ്**

| ഇനം | നൽകിയ തുക (₹) | വൗച്ചർ നം/ ചെക്ക് നം |
|---|---|---|
| | | |

| | | |
|---|---|---|
| ചിറയിൽ ജംഗ്ഷൻ, കമ്പലടിയിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (4/22) | 215/- | 22200067/ 29.4.22 |
| ചക്കുവള്ളി ചന്തയിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (9/22) | 601/- | 958156/ 10.10.22 |
| ഇടയ്ക്കാട് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (4/22) | 105/- | 22200135/ 30.5.22 |
| താഴത്ത് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (4/22) | 89/- | 22200136/ 30.5.22 |
| പുന്നവിള ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (7/22) | 90/- | 22200334/ 2.8.22 |
| ഇടയ്ക്കാട് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (6/22) | 90/- | 222800334/ 2.8.22 |
| താഴത്ത് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (6/22)<br>ഇടയ്ക്കാട് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (6/22)<br>ഇടിക്കണ്ട ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (6/22) | 420/- | 958112/ 11.8.22 |
| താഴത്ത് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (8/22)<br>ഇടയ്ക്കാട് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (8/22)<br>ഇടിക്കണ്ട ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (8/22) | 292/- | 958138/ 16.9.22 |
| താഴത്ത് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (10/22)<br>ഇടയ്ക്കാട് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (10/22)<br>ഇടിക്കണ്ട ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (10/22) | 292/- | 958174/ 9.11.22 |
| ചിറയിൽ ജംഗ്ഷൻ, കമ്പലടിയിലെ സി.സി.ടി.വി. ക്യാമറയുടെകറണ്ട് ചാർജ്ജ് (11/22) | 216/- | 204914/ 14.12.22 |
| താഴത്ത് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (11/22)<br>ഇടയ്ക്കാട് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (11/22)<br>ഇടിക്കണ്ട ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (11/22) | 297/- | 204914/ 14.12.22 |
| ചക്കുവള്ളിചന്തയിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (12/22) | 198/- | 204939/ 11.1.23 |
| താഴത്ത് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (12/22)<br>ഇടയ്ക്കാട് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (12/22) | 194/- | 204939/ 11.1.23 |
| താഴത്ത് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (1/23)<br>ഇടയ്ക്കാട് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (1/23)<br>ഇടിക്കണ്ട ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (1/23) | 295/- | 204967/ 10.2.23 |
| താഴത്ത് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (2/23)<br>ഇടയ്ക്കാട് ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (2/23)<br>ഇടിക്കണ്ട ജംഗ്ഷനിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (2/23) | 288/- | 204987/ 8.3.23 |
| ചിറയിൽ ജംഗ്ഷൻ, കമ്പലടിയിലെ സി.സി.ടി.വി. ക്യാമറയുടെ കറണ്ട് ചാർജ്ജ് (2/23) | 198/- | 204978/ 21.2.23 |
| ആകെ | 3,880/- | |

ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരം സ്ഥാപിച്ച മേൽ ക്യാമറകളുടെ പരിപാലനവും, ക്യാമറ വിഷ്വലുകളുടെ മോണിറ്ററിംഗ് സംവിധാനവും ഗ്രാമപഞ്ചായത്താണ് നിർവ്വഹിക്കുന്നത്. ആയത് പ്രകാരം ഈ ക്യാമറകളുടെ മോണിറ്ററിംഗ് സംവിധാനം സജ്ജീകരിക്കുന്നതിനുള്ള ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്ത് നൽകുന്നതിന് കെൽട്രോണിൽ നിന്നുള്ള ഉദ്യോഗസ്ഥർ എത്തിയെങ്കിലും, ഈ ആപ്ലിക്കേഷൻ പ്രവർത്തിക്കുന്നതിന് INTEL CORE I5 Or Higher സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടർ ആവശ്യമാണെന്ന് അറിയിച്ചിരുന്നു. ഈ കാരണത്താൽ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള കമ്പ്യൂട്ടറുകളിൽ ടി ആപ്ലിക്കേഷൻ

പ്രവർത്തിപ്പിക്കുവാൻ കഴിയുകയില്ല. 28.2.2022 ലെ G.O(P) No.482/2022/LSGD നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് വാങ്ങാവുന്ന കമ്പ്യൂട്ടർ/ലാപ്പ്ടോപ്പുകൾ INTEL CORE I3 സ്പെസിഫിക്കേഷനിലുള്ളത് മാത്രമാണ്. നിലവിലുള്ള വ്യവസ്ഥയിൽ ഈ സി.സി.ടി.വി. ക്യാമറകൾ ഗ്രാമപഞ്ചായത്തിന് പ്രവർത്തിപ്പിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം മേൽ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടർ വാങ്ങുന്നതിന് കഴിയുകയില്ലെന്ന് കെൽട്രോണിനെ അറിയിച്ചിട്ടുണ്ടെന്നും, മൊബൈൽ ആപ്ലിക്കേഷൻ വഴി ജനപ്രതിനിധികൾക്ക് നിരീക്ഷിക്കുന്നതിന് സൗകര്യം നൽകിയിട്ടുണ്ട് എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ഗ്രാമപഞ്ചായത്തിൽ ചെയ്യേണ്ട പ്രവൃത്തികൾ ജനപ്രതിനിധികളുടെ മൊബൈൽ ആപ്ലിക്കേഷൻ വഴി ലഭ്യമാകുന്നു എന്ന മറുപടി അംഗീകാരയോഗ്യമല്ലാത്തതിനാൽ ഇന്റർനെറ്റ് കണക്ഷൻ ചാർജ്ജ്, കറണ്ട് ചാർജ്ജ് എന്നീയിനങ്ങളിൽ ഒടുക്കിയ 15,194/- (11314 + 3880) രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**എൻക്വയറി നം.10/16.10.23.**
**നിരാകരണം-15,194/-രൂപ.**

## 3-2 തൊഴിലുറപ്പ് പദ്ധതി - വസ്തുവിന്റെ വിസ്തൃതിയിൽ കൂടുതൽ സ്ഥലത്തു പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി വേതനം നൽകി

തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ ജലസംരക്ഷണ പ്രവൃത്തികളിൽ ഭൂമിയുടെ അളവിനെക്കാൾ കൂടുതൽ ഏരിയയിൽ പ്രവൃത്തി ചെയ്തതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തൽ നടത്തി വേതനം നൽകിയിരിക്കുന്നു. ഭൂമിയുടെ അളവിനെക്കാൾ അധികമായി പ്രവൃത്തി നടന്നതായി രേഖപ്പടുത്തൽ നടത്തി നൽകിയ വേതനച്ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പ്രവൃത്തിയിൽ ഉൾപ്പട്ടിട്ടുള്ള ഇനങ്ങൾ :-

ഇനം 1 – 80TM.C2 Clearing Jungle Including Uprooting Ramk Vegitagtion........@14.928/Sqm

ഇനം 2 – 80.8.277 Earthwork Excavation By Manual Means......Kind Of Soil@213.968/M3

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശങ്ങൾ | ഭൂമിയുടെ അളവു(കരം ഒടുക്കു രസീതു പ്രകാരവും അളവു പുസ്തത്തിലെ രേഖപ്പെടുത്തൽ പ്രകാരവും) | അളവു പുസ്തകപ്രകാരം പ്രവൃത്തിയുടെ അളവ് | മനുഷ്യ ദിനത്തിന് നിജപ്പെടുത്തി നൽകിയ വേതനം (₹) | അധികമായി രേഖപ്പെടുത്തിയ പ്രവൃത്തിയുടെ അളവു പ്രകാരമുള്ള ചെലവ് (₹) | അംഗീകരിക്കാത്ത ചെലവു തുക (₹) |
|---|---|---|---|---|---|---|
| 1. | വാർഡ് - 11 W C 568049<br>അടങ്കൽ- 314995/- രൂപ<br>ചെലവ്-280646/- രൂപ | പാർട്ട് ബിൽ 1 പ്രകാരം ഭൂമിയുടെ അളവ്-20.35 Are=2035m2<br>(സർവെ നം.411/8,407/2-12.5 ആർ- ചന്ദ്രശേഖര കുറുപ്പ്, സർവെ നം.427/16,527/5- 10 ആർ- സലീന-പോരുവഴി വില്ലേജ്) | ഇനം.1- 3438m2@14.928 =51322.4<br>ഇനം.2- 386.77m3@213.968 =82756.4<br>ആകെ 134078.8 | 132610/-<br>FTO No. 1102535/14.03.23 1102574/14.03.23 | ഇനം.(1)3438-2035 =1403m2@14.928 =20944<br>ഇനം.(2)386.77-229 =157.8m3@213.968 =33771.7<br>ആകെ- 54716 രൂപ<br>(ഇനം 2ന്റെ അളവു ഭൂമിയുടെ വിസ്തീർത്തിനു ആനുപാതികമായത്- 386.77/3438*2035) | 77894/-<br>(132610-54716) |
| | | പാർട്ട് ബിൽ2- പ്രകാരം ഭൂമിയുടെ അളവ്-13.18Are=1317.5m2<br>(സർവെ നം.408/10-6,48 ആർ- അനന്തകൃഷ്ണൻ കുറുപ്പ്, സർവെ നം.410/7,416/7, 422/14,398/7, 410/18- 6.7 ആർ- സരസ്സമ്മ-പോരുവഴി വില്ലേജ്) | ഇനം.1- 2936m2@14.928 =43828.6<br>ഇനം.2- 330.3m3@213.968 =70673.6<br>ആകെ 114501.6 | 99831/-<br>FTO No. 116576/22.03.23 1161599/22.03.23 | ഇനം.(1)2936-1317.5 =1618.5m2@14.928 =24160.9<br>ഇനം.(2)330.3-148.21 =182.08m3@213.968 =38959.29<br>ആകെ- 63120 രൂപ<br>(ഇനം 2ന്റെ അളവു ഭൂമിയുടെ വിസ്തീർത്തിനു ആനുപാതികമായത്- 330.3/2936*1317.5) | 36711/-<br>(99831-63120) |

| | | | | | | |
|---|---|---|---|---|---|---|
| | | പാർട്ട് ബിൽ-3 പ്രകാരം ഭൂമിയുടെ അളവ്-16.7 Are=1669.3m2<br>(സർവെ നം.398/8,-6.7 ആർ- സിറാജുദീൻ, സർവെ നം.427/16,527/5- 10 ആർ- സലീന-പോരുവഴി വില്ലേജ്) | ഇനം.1- 1248m2@14.928 =18630.14<br>ഇനം.2- 140.39m3@213.968 =30038.9<br>ആകെ48668.14 | 48205/-<br>FTO No. 1161641/22.03.23 1161653/22.03.23 | ഇനം.1-1006.3m2@14.928 =15022<br>ഇനം.2-113.2m3@213.968 =24221.3<br>ആകെ-39243<br>(ഇനം 2ന്റെ അളവു ഭൂമിയുടെ വിസ്തീർത്തിനു ആനുപാതികമായത്- 140.39/1248*1006.3) | 8962/-<br>(48205-39243) |
| 2 | വാർഡ് - 12 W C 568060<br>അടങ്കൽ- 314995/- രൂപ<br>ചെലവ്-309801/- രൂപ | പാർട്ട് ബിൽ 2 പ്രകാരം ഭൂമിയുടെ അളവ്-21.1 Are=2109.2m<br>(സർവെ നം.307/18, 307/11.1- നബീസ-21.1 ആർ പോരുവഴി വില്ലേജ്) | ഇനം.1- 2380m2@14.928 =35528.6<br>ഇനം.2- 267.75m3@213.968 =57289.9<br>ആകെ92818.5 | 92700/-<br>FTONo.1172190/24-3-23 | ഇനം.1-2109.17m2@14.928 =31485.7<br>ഇനം.2- M3@237.28@213.968 =50770.3<br>ആകെ-82256<br>(ഇനം 2ന്റെ അളവു ഭൂമിയുടെ വിസ്തീർത്തിനു ആനുപാതികമായത്- 267.75/2380*2109.17) | 10444/-<br>(92700-82256) |
| 3 | വാർഡ്11-Wc-534229<br>അടങ്കൽ- 314995/- രൂപ<br>ചെലവ്-309408/- രൂപ | പാർട്ട് ബിൽ-2 പ്രകാരം ഭൂമിയുടെ അളവ്- 24.9ആർ = 2489m2<br>(ഹരിദാസൻ-6.7 ആർ-/,- ഗീത- 1.8 ആർ ചന്ദ്രശേഖരൻ പിള്ള-16.4 ആർ)<br>പോരുവഴി വില്ലേജ്) | ഇനം.1- 3776m2@14.928 =56368.1<br>ഇനം.2- 424.8m3@213.968 =90893.6<br>ആകെ147261.7 | 161098/-<br>FTONo.807874/12-12-22&80770/12-12-22<br>തുക-74324+86769 =161098/- | ഇനം.1-2489m2@14.928 =37155.79<br>ഇനം.2-280m3@213.968 =59911<br>ആകെ-97066.8<br>(ഇനം 2ന്റെ അളവു ഭൂമിയുടെ വിസ്തീർത്തിനു ആനുപാതികമായത്- 424.8/3776*2489) | 64031/-<br>(161098-97066.8) |
| 4 | വാർഡ് 03-Wc-539571<br>അടങ്കൽ- 174597/- രൂപ<br>ചെലവ്-170428/- രൂപ<br>അളവു പുസ്തകം-118/22-23 | ബിൽ പ്രകാരം ഭൂമിയുടെ അളവ് - 41 ആർ= 4098.39m2 (ഓമന-8.6+9.75 ആർ- സുധർമ്മ- 13 ഇന്ദിര 9.65 ആർ)<br>പോരുവഴി വില്ലേജ്) | ഇനം.1- 4410m2@14.928 =65832.4<br>ഇനം.2- 496.125m3@213.968 =106154.8<br>ആകെ171987.2 | 170428/-<br>FTO No. 626937/27-10-22- &626917/27-10-22<br>തുക-130931+39497 | ഇനം.1-4098.39m2@14.928 =61180.76<br>ഇനം.2-461.06m3@213.968 =59911<br>ആകെ-158564.98<br>(ഇനം 2ന്റെ അളവു ഭൂമിയുടെ വിസ്തീർത്തിനു ആനുപാതികമായത്- 496.125/4410*4098.39) | 11863.01 |
| | ആകെ | | | | | 2,09,905/- |

അധികമായി നൽകിയ തുക അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടിയാളുകളുടെ വ്യത്യസ്ത ഭൂമിയിലാണ് പ്രവൃത്തി നടന്നതെന്ന മറുപടി നൽകി. എന്നാൽ അളവു പുസ്തകത്തിലെ രേഖപ്പെടുത്തൽ, കരം ഒടുക്കിയ രസീത് എന്നിവ പ്രകാരം ടി മറുപടി വസ്തുതാവിരുദ്ധമാണ്.

**ഓഡിറ്റ് എൻക്വയറി നം. 20/17-10-2023.**

**നിരാകരണം – 2,09,905/- രൂപ.**

## 3-3 പട്ടികജാതി വിഭാഗത്തിൽപ്പെട്ട അനർഹരായ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകുന്നതിന് അസ്സി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി (87/23) ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. GEM മുഖേന 19 ലാപ്പ്ടോപ്പ് K.M. ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് എസ്.സി.പി. ഫണ്ടിൽ നിന്നും 7,70,976/- രൂപ ചെലവഴിച്ചു.

ബിൽ നമ്പർ – 1038121-12.01.2023- 3,91,230/- രൂപ.

ബിൽ നമ്പർ – 1511074-28.03.2023- 3,79,746/- രൂപ.

ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കംപ്യൂട്ടർ സയൻസ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, ഐ.റ്റി.ഐ., അംഗീകൃത മെഡിക്കൽ സയൻസ് ഡിപ്ലോമ എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കാണ് പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി-ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.7 പ്രകാരം ലാപ്പ്ടോപ്പ് ലഭിക്കുന്നതിന് അർഹതയുള്ളത്. എന്നാൽ മേൽ പറഞ്ഞ കോഴ്സുകളിൽ ഉൾപ്പെടാത്ത കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകിയതായി പരിശോധനയിൽ വ്യക്തമായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | സ്ഥാപനം |
|---|---|---|---|
| 1 | കുമാരി അനശ്വര ആർ.ജി | ഡി.സി.എ. (6 മാസം) | എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി |
| 2 | കുമാരി ശ്യാമ എസ്. | സി.ഒ.പി.ഒ. (1 വർഷം) | സെന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പ്രൈവറ്റ് ഐ.റ്റി,ഐ. |

സബ്സിഡി-ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ള ഡിപ്ലോമ കോഴ്സുകൾ സംബന്ധിച്ചുണ്ടായ വ്യക്തത കുറവ് മൂലമാണ് ആനുകൂല്യം നൽകിയതെന്ന് ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥയായ അസി. സെക്രട്ടറി മറുപടി ലഭ്യമാക്കി. ആനുകൂല്യം നൽകുന്നതിന് മുമ്പ് ഗുണഭോക്താവിന്റെ അർഹത പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയായതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 79,227/-രൂപയുടെ (ജി.എസ്.ടി. ഒഴികെ) ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി -16/16.10.2023.**
**നിരാകരിക്കുന്ന തുക – 79,227/- രൂപ.**

## 3-4 ഒരേ വസ്തുവിൽ ഒരേ പ്രവൃത്തി - രണ്ട് തവണ തുക നൽകി

1. **പ്രവൃത്തിയുടെ പേര് – ജലസംരക്ഷണം**

വർക്ക് കോഡ്-568049

ഈ പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബിൽ പ്രകാരം ശ്രീ. ചന്ദ്രശേഖരകുറുപ്പ് (സർവെ നം. 411/8, 407/2 – 12.35 ആർ), ശ്രീമതി. സെലീന (സർവേ നം. (427/16, 427/5, 427/17–10 ആർ) എന്നിവരുടെ വസ്തുവിൽ ജലസംരക്ഷണ പ്രവൃത്തികൾ ചെയ്തതിനു ഒന്നാം പാർട്ട് ബിൽ പ്രകാരം 1,32,610/- രൂപ വേതനം നൽകി.

പ്രവൃത്തിയുടെ വിശദാംശങ്ങൾ

ഇനം. (1) 80Tm.C2 Clearing Jungle............3438m2@14.928 = 51322.4

ഇനം. (2) 80.8.277 Earth Work Excavation ....386.77m3@213.968 =82756.4

ആകെ 134078.8 (വേതനം നിജപ്പെടുത്തിയ തുക 1,32,610/-രൂപ)

ഈ പ്രവൃത്തിയുടെ മൂന്നാം പാർട്ട് ബില്ലിലും ശ്രീമതി. സെലീനയുടെ മേൽസർവേ നമ്പറിൽ തന്നെ പെട്ട (427/16, 427/5, 427/17–) 10 ആർ വസ്തുവിൽ പ്രവൃത്തി ചെയ്തിനു വേതനം നൽകിയിരിക്കുന്നു. ശ്രീ. സിറാജുദ്ദീന്റെ 6.7 ആർ വസ്തുവിലും ശ്രീമതി. സെലീനയുടെ 10 ആർ വസ്തുവിലുമായി പ്രവൃത്തി ചെയ്തതിനു 48,205/- രൂപ നൽകിയിരിക്കുന്നു.

പ്രവൃത്തിയുടെ വിശദാംശങ്ങൾ

ഇനം. (1) 80Tm.C2 Clearing Jungle............1248m2@14.928 = 18630.1

ഇനം. (2) 80.8.277 Earth Work Excavation ....140.39m3@213.968 =30038.96

ആകെ 48669/-രൂപ (വേതനം നിജപ്പെടുത്തിയ തുക 48,205/രൂപ)

മൂന്നാം പാർട്ട് ബിൽ പ്രകാരം ശ്രീമതി സെലീനയുടെ വസ്തുവിൽ ചെയ്ത പ്രവൃത്തിക്ക് നൽകിയ 29,129/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

<u>നഷ്ടതുകയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.</u>

പാർട്ട് ബിൽ 3 ൽ ഇനം (1) ൽ ചെയ്ത പ്രവത്തിയുടെ അളവ് – 1248$m^2$ (16.7 ആർ (1669.3m2) വസ്തുവിൽ സെലീനയുടെ 10 ആർ (999, 6$m^2$) വസ്തുവിൽ ആനുപാതികമായി ചെയ്ത പ്രവൃത്തി =1248/1669.38*999.6 = 747.3@14.928 = 11,155.69 രൂപ

ഇനം (2) ചെയ്ത പ്രവത്തിയുടെ അളവ് – 140.39$m^3$ (16.7 ആർ (1669.3$m^2$) വസ്തുവിൽ സെലീനയുടെ 10 ആർ (999, 6$m^2$) വസ്തുവിൽ ആനുപാതികമായി ചെയ്ത പ്രവൃത്തി

= 140.39/1669.38*999.6 = 84@213.968 = 17,973/-രൂപ

നഷ്ടതുക = 11155.69+17973 = 29,129/-രൂപ

2. **<u>പ്രവൃത്തിയുടെ പേര് - ജലസംരക്ഷണം - വാർഡ്-3</u>**

വർക്ക് കോഡ് - WC539571

അടങ്കൽ – 1,74,597/-രൂപ

അളവു പുസ്തകം – 118/22-23

എഫ്.റ്റി.ഒ. നം. 626937/27-10-22 തുക – 1,30,931/-രൂപ

എഫ് .റ്റി ഒ നം.626917/27-10-22 തുക - 39,494/-രൂപ

ഈ പ്രവൃത്തിയുടെ ബിൽ പ്രകാരം ശ്രീമതി സുധർമ്മ, 13 ആർ, സർവേ നം. 457/12-2 ശ്രീമതി ഇന്ദിര, 9.65 ആർ (സർവേ നം.460/11/), ശ്രീമതി. ഓമന 18.35 ആർ (സർവേ നം.(477/10,477//9) എന്നിവരുടെ വസ്തുവിൽ ജലസംരക്ഷണ പ്രവൃത്തികൾ ചെയ്തതിനു ബിൽ പ്രകാരം 1,70,428/- രൂപ വേതനമിനത്തിൽ നൽകി.

പ്രവൃത്തിയുടെ വിശദാംശങ്ങൾ

ഇനം. (1) 80Tm.C2 Clearing Jungle............4410m2@14.928 = 65832.48

ഇനം. (2) 80.8.277 Earth Work Excavation ....496.125m3@213.968 = 106154.8

ആകെ 171987.4 (വേതനം നിജപ്പെടുത്തിയ തുക 1,70,428/-രൂപ)

വർക്ക് കോഡ് നം. WC510066 എന്ന പ്രവൃത്തിയിലും ശ്രീമതി. ഓമനയുടെ 477/10, 477/9 എന്നീ സർവേ നമ്പറിൽ പെട്ട 8.6+9.75 ആർ വസ്തുവിൽ പ്രവൃത്തി ചെയ്തിനു വേതനം നൽകിയിരിക്കുന്നു.

ശ്രീമതി തങ്കമണിയുടെ 18.61 ആറിലും ശ്രീമതി. ഓമനയുടെ 18.35 വസ്തുവിലുമായി പ്രവൃത്തി ചെയ്തതിനു 75,030/-രൂപ നൽകിയിരിക്കുന്നു. (എഫ്.റ്റി.ഒ. നം. 1138354/18-3-23, 1138327/18-3-23)

പ്രവൃത്തിയുടെ വിശദാംശങ്ങൾ

ഇനം. (1) 80Tm.C2 Clearing Jungle............1924m2@14.928= 28721.47

ഇനം. (2) 80.8.277 Earth Work Excavation ....216.44m3@213.968=46311.2

ആകെ 75032.6 (വേതനം നിജപ്പെടുത്തിയ തുക 75,030/-രൂപ)

ഈ ബിൽ പ്രകാരം ശ്രീമതി ഓമനയുടെ വസ്തുവിൽ ചെയ്ത പ്രവൃത്തിക്ക് നൽകിയ 37,250/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

<u>നഷ്ടതുകയുടെ വിശദാംശങ്ങൾ</u>

വർക്ക് കോഡ് നം. WC510066 ൽ ഇനം (1) ൽ ചെയ്ത പ്രവത്തിയുടെ അളവ് – 1924$m^2$ [36.96 ആർ (3694.55$m^2$) വസ്തുവിൽ] ശ്രീമതി ഓമനയുടെ 18.35 ആർ (1834.2$m^2$) വസ്തുവിൽ

ആനുപാതികമായി ചെയ്ത പ്രവൃത്തി
= 1924/3694.55*1834.2 = 955.19@14.928 = 14259

ഇനം (2) ചെയ്ത പ്രവത്തിയുടെ അളവ് -216.44$m^3$ (36.96 ആർ (3694.55$m^2$) വസ്തുവിൽ ഓമനയുടെ 18.35 (1834.2$m^2$) വസ്തുവിൽ ആനുപാതികമായി ചെയ്ത പ്രവൃത്തി
= 216.44/3694.55*1834.2 = 107.45@213.968 = 22990.86

അധിക ചെലവ് = 14259 + 22990.86 = 37250/-രൂപ.

ക്രമ നം. 1 & 2 പ്രകാരം അധികം നൽകിയ 66,379/-രൂപ (29129+37250) ബന്ധപ്പെട്ട അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഈ വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഭൂഉടമകളുടെ വ്യത്യസ്ത ഭൂമിയിലാണ് പ്രവൃത്തി ചെയ്തതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ അളവു പുസ്തകം, കരം രസീത് എന്നിവ പ്രകാരം ഒരേ വസ്തുവിൽ തന്നെയാണ് പ്രവൃത്തി ചെയ്തത് എന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല. മറ്റു പ്രവൃത്തികളിൽ ഇത്തരത്തിൽ ക്രമക്കേട് നടന്നിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു.

**നിരാകരണം – 66,379/-രൂപ.**
**ഓഡിറ്റ് എൻക്വയറി നം. 20/17-10-2023.**

## <u>3-5 കുറഞ്ഞ നിരക്കിലെ ടെൻഡർ അംഗീകരിച്ചില്ല - അധിക ചെലവ്</u>

താഴെ പറയുന്ന രണ്ട് പ്രവൃത്തികളുടെ ആദ്യ ടെന്ററിൽ കുറഞ്ഞ നിരക്കിലുള്ള ടെന്റർ അംഗീകരിക്കാതെ റീടെന്റർ ചെയ്യാൻ തീരുമാനിച്ചതുവഴി പഞ്ചായത്തിന് ആകെ 1,93,885/-രൂപയുടെ നഷ്ടം ഉണ്ടായി.

(1) **<u>പ്രോജക്ട് നം. 47 / 23 – മീനത്തേൽ കുളം റോഡു ഓട നിർമ്മാണം</u>**
അടങ്കൽ - 2,29,308/- രൂപ (മെയിന്റനൻസ് ഫണ്ട് )
കരാർ നം. 46AE /LID | PGp തീ. 15-2-22
കരാറുകാരൻ - ശ്രീ. ഡാനിക്കുട്ടി
അളവു പുസ്തകം – 38/21-22
ചെലവ് – 2,15,958/- (ബിൽ നം. 3/27-5-23)

2021-22 ൽ 6,52,967/- രൂപ വകയിരുത്തിയ ഈ പ്രോജക്ടിന്റെ ചെലവിനത്തിൽ ആ സാമ്പത്തിക വർഷം ഒന്നാം പാർട്ട് ബിൽ ഇനത്തിൽ 4,23,659/-രൂപ സാംഖ്യാ ബിൽ നം. 1358252/17-3-22 പ്രകാരം നല്കിയിരുന്നു. 2022-23 ൽ പ്രോജക്ട് നം. 47/23 പ്രകാരം 2,29,368/-രൂപ മെയിന്റനൻസ് ഫണ്ട് വകയിരുത്തി ശേഷിക്കുന്ന പ്രവൃത്തികൾ സ്പിൽ ഓവറായി നടപ്പിലാക്കുകയും 2,15,958/-രൂപ ചെലവഴിക്കുകയും ചെയ്തു. ഈ പ്രവൃത്തിയിൽ ടെന്റർ നടപടികളുമായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റിയുടെ തെറ്റായ തീരുമാനം മൂലം 1,04,820/-രൂപ അധിക ചെലവുണ്ടായി.

12.8.2021 ലെ ഇ-ടെന്റർ നോട്ടിഫിക്കേഷൻ പ്രകാരം നിശ്ചിത തീയതിക്കുള്ളിൽ മേൽ പ്രവൃത്തിക്കായി രണ്ടു ടെന്ററുകൾ ലഭ്യമായി. ഇതിൽ കുറവു തുക കോട്ടു ചെയ്ത ജി. സുധന്റെ (487456.64) ടെന്റർ ഓൺലൈനായി ഫയൽ ചെയ്ത പ്രിലിമിനറി കരാറിൽ ഒപ്പ് രേഖപ്പെടുത്തിയില്ല എന്ന കാരണത്താൽ 05.11.2021 ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചില്ല.

എന്നാൽ മാന്വലായി സമർപ്പിച്ച ടെന്ററിനോടൊപ്പം ആവശ്യമായ മുദ്രപത്രത്തിലെ പ്രിലിമിനറി കരാറിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി. മാന്വൽ 2009 - 2 പ്രകാരം ഇത്തരം നിസാര തെറ്റുകൾകളുടെ പേരിൽ ടെന്റർ നിരസിക്കാൻ പാടില്ല. ഇതു സംബന്ധിച്ചു അസി. എഞ്ചിനീയറും, പഞ്ചായത്ത് സെക്രട്ടറിയും കമ്മിറ്റിക്കു നൽകിയ നിയമോപദേശം പരിഗണിക്കാതെ റീ-ടെന്റർ ചെയ്യുവാൻ 05.11.2021 ലെ കമ്മിറ്റി 2(9) നമ്പരായി തീരുമാനിച്ചു. റീ ടെന്ററിൽ ഇതേ കരാറുകാരൻ ടെന്റർ എക്സസ് കോട്ട് ചെയ്യുകയും (5,83,005/- രൂപ) ജില്ല എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ടെന്റർ എക്സസ് അനുമതി വാങ്ങി ടെന്റർ അംഗീകരിച്ചു നൽകുകയും ചെയ്തു.

പഞ്ചായത്തു കമ്മിറ്റിയുട തെറ്റായ തീരുമാനം മൂലം ഉണ്ടായ അധിക ചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്ന.

ആദ്യ ടെന്റർ നിരക്കു പ്രകാരം പ്രവൃത്തി നൽകിയിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന ചെലവ് :-

| ക്രമ നം. | ഇനം. | അളവ് | നിരക്ക് (₹) | തുക (₹) |
|---|---|---|---|---|
| 1 | 12.5.2A Dismantling Of Existing Structure Like Culvert......... | 0.45m3 | 509/- | 229/- |
| 2 | 11.1.1.1 Excavation For Structures Earthworkin Excavation Forstructure......Upto 3m Depth | 60.12m3 | 462/- | 27775.44 |
| 3 | 11.4.1.1 Providing Concrete For Plain/Reinforced Concrete In Open Foundation.....(1-2.5-5) | 13.54m3 | 6890/- | 93290.6 |
| 4 | 11.4.2.1 Providing Concrete For Plain/Reinforced Concrete In Open Foundation.....(1-2.5-5) | 32.52m3 | 6271/- | 203932.92 |
| 5 | 75.8.1.1A Providing Plain Cement Concrete For Wearing Coat....... (1.2.4) | 4.866m3 | 6920/- | 33672.72 |
| 6 | 11.4.4 Providing Concretefor Plain/Reinforced Concrete In Open Foundation..... Grade M20 | 5.088m3 | 7451/- | 37910.688 |
| 7 | 11.8 Supplying Fitting And Placing TMT Bar.......... | 0.411.78 Tonne | 64524/Tonne | 26569.69 |
| 8 | 75.8.1.1 Providing Reinforced/Plain Concrete Cement.....Nominal Mix 1:2:3 | 6.938m3 | 7800/- | 54116.4 |
| | ആകെ പ്രവൃത്തി മൂല്യം | | | 4,77,497/- |
| | നികുതി@12% | | | 57,300/- |
| | **ആകെ തുക** | | | **5,34,797/-** |

റീ-ടെന്റർ വഴി പ്രവൃത്തിക്കു രണ്ടു വർഷങ്ങളിലായി നൽകിയ തുക 6,39,617/-(423659+215958) രൂപ. സാങ്കേതിക വിഭാഗം എഞ്ചിനീയറും, പഞ്ചായത്തു സെക്രട്ടറിയും നൽകിയ നിയമോപദേശവും തള്ളി പഞ്ചായത്തു കമ്മിറ്റി പ്രവൃത്തി റീ-ടെന്റർ ചെയ്യാൻ തീരുമാനിച്ചതു വഴി ഉണ്ടായ അധിക ചെലവു 1,04,820/- രൂപ (639617-534797).

(2) **<u>പ്രോജക്ട് നം. 54/23 – കമ്പലടി എൽ.പി.എസ്. പാണ്ടികുളം റോഡ് ഓടനിർമ്മാണം</u>**

റ്റി.എസ്. നം. 15062/21-22 തി. 28 / 7/ 21

കരാർ നം. 43/ 2.2.22

കരാറുകാരൻ - നസീർ

അടങ്കൽ - 5,42,907/-രൂപ

മേൽ പ്രവൃത്തി ടെന്റർ ചെയ്യപ്പോൾ ലഭ്യമായ രണ്ടു ടെന്ററുകളിൽ ലഭ്യമായ കുറഞ്ഞ ടെന്റർ അംഗീകരിക്കാതെ റീ ടെന്റർ ചെയ്യാൻ 5.11.2021 ൽ 2 (9) നമ്പർ ആയി കമ്മിറ്റി തീരുമാനിച്ചിരിക്കുന്നു. കുറഞ്ഞ ടെന്റർ തുക 3,79,648/- രൂപയുടേതായിരുന്നു. ഈ ടെന്ററിനോടൊപ്പം ഓൺലൈനായി ഫയൽ ചെയ്ത പ്രിലിമിനറി കരാറിൽ ഒപ്പു രേഖപ്പെടുത്തിയില്ല എന്ന കാരണത്താലാണ് റീ-ടെൻഡർ ചെയ്യാൻ തീരുമാനം എടുത്തത്. എന്നാൽ മാനുവലായി സമർപ്പിക്കപ്പെട്ട ടെന്ററിനോടൊപ്പം പ്രിലിമിനറി കരാറിന്റെ മുദ്രപത്രത്തിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി. മാനുവൽ 2009 - 2 പ്രകാരം ഇത്തരം നിസാര തെറ്റുകൾകളുടെ പേരിൽ ടെന്റർ നിരസിക്കാൻ പാടില്ല. പഞ്ചായത്തു കമ്മിറ്റിയുടെ തെറ്റായ തീരുമാനം മൂലം ഉണ്ടായ അധിക ചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

ആദ്യ ടെന്റർ നിരക്കു പ്രകാരം പ്രവൃത്തി നൽകിയിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന ചെലവ് :-

| ക്രമ നം. | ഇനം. | അളവ് | നിരക്ക് (₹) | തുക (₹) |
|---|---|---|---|---|
| 1 | 11.1.1.1 Excavation For Structures Earthwork In Excavation Forstructure......Upto 3m Depth | 41.05 M3 | 467/- | 19,170.35 |
| 2 | 11.4.1.1 Providing Concrete For Plain/Reinforced Concrete In Open Foundation.....(1-2.5-5) | 8.880m3 | 6,950/- | 61,716/- |
| 3 | 11.4.2.1 Providing Concrete For Plain/Reinforced Concrete In Open Foundation.....(1-2.5-5) | 26.1730m3 | 6,510/- | 1,70,386.23 |
| 4 | 75.8.1.1A Providing Plain Cement Concrete For Wearing Coat....... (1.2.4) | 3.137 M3 | 6,975/- | 21,880.575 |
| 5 | 11.4.4 Proടെൻഡർviding Concrete For Plain/Reinforced Concrete In Open Foundation..... Grade M20 | 3.2400 M3 | 7,500/- | 24,300/- |
| 6 | 11.8 Supplying Fitting And Placing TMT Bar.......... | 0.23701 M3 | 65,000/- | 15,405.65 |
| 7 | Od 1302580/21-22 Pointing With Cement Mortar...... | 17.88m2 | 200/- | 3,576/- |
| 8 | 75.8.1.1 Providing Reinforced/Plain Concrete Cement.....Nominal Mix 1:2:3 | 5.250 M3 | 7,250/- | 38,062.5 |
| | ആകെ പ്രവൃത്തി മൂല്യം | | | 3,54,497.3 |
| | നികുതി@12% | | | 42,539.6 |
| | **ആകെ തുക** | | | **3,97,037/-** |

റീ-ടെന്റർ പ്രകാരം പ്രവൃത്തിക്കു നൽകിയ തുക 4,86,102/- രൂപ. അധികം നൽകിയ തുക 89,065/-രൂപ (486102-397037).

മേൽ രണ്ടു പ്രവൃത്തികൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/11-10-2023 നു സെക്രട്ടറിയും അസി. എഞ്ചിനീയറും നൽകിയ നിയമോപദേശം പഞ്ചയത്ത് കമ്മിറ്റി സ്വീകരിച്ചില്ല എന്ന മറുപടി ലഭ്യമാക്കി. മേൽ രണ്ടു പ്രവൃത്തികളിൽ കുറഞ്ഞ നിരക്കിലുള്ള ടെന്റർ അംഗീകരിക്കാതെ സെക്രട്ടറിയുടെയും അസി. എഞ്ചിനീയറുടെയും ഉപദേശം മറികടന്ന് റീ-ടെന്റർ ചെയ്യാൻ തീരുമാനിച്ചതുവഴി ഉണ്ടായ 1,93,885/-രൂപയുടെ നഷ്ടം 05.11.2021 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങളിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 2/11-10-2023.**
**നിരാകരണം – 1,93,885/-രൂപ**

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 16-10-2023 & 17-10-2023 | കെ.എസ്.എ.കെ.എൽ.എം.പി 10/1855/2023 തീയതി 23.11.2023 |

### 4-2 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്കിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,50,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (31/23) | 2,50,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 9,77,400/- | ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി (എസ്.സി.പി) (42/23) | 9,77,400/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,00,000/- | പാലിയേറ്റീവ് കെയർ (23/23) | 2,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,74,950/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (21/23) | 2,74,950/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 8,00,000/- | പാലിന് സബ്സീഡി (135/23) | 8,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3,20,000/- | ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി | 3,20,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,17,035/- | അങ്കണവാടി പോഷകാഹാരം | 2,17,035/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,10,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,10,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 9,10,000/- | ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി (എസ്.സി.പി) (42/23) | 9,10,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 3,00,000/- | അങ്കണവാടി പോഷകാഹാരം (എസ്.സി.പി) (20/23) | 3,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 3,23,923/- | പാലിന് സബ്സിഡി (135/23) | 3,23,923/- | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക (₹) | ബിൽ ബുക്ക് നമ്പർ/ ട്രഷറി വൗച്ചർ നമ്പർ |
|---|---|---|---|
| പൊതുമരാമത്ത് വകുപ്പ് | 45-ാം നമ്പർ അങ്കണവാടി കെട്ടിടം ഇലക്ട്രിഫിക്കേഷൻ | 2,00,000/- | 23/30.11.2022 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 1,95,652/- | XVFC/2022-23/P/66 XVFC/2022-23/P/67 15.03.2023 XVFC/2022-23/P/28 26.07.2022 XVFC/2022-23/P/48 06.02.2023 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി | 57,000/- | XVFC/2022-23/P/61 23.02.2023 |
| ഭൂജല വകുപ്പ് | 34-ാം നമ്പർ അങ്കണവാടിയിൽ കുഴൽകിണർ നിർമ്മാണം | 3,00,000/- | XVFC/2022-23/P/60 23.02.2023 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 6,46,534/- | XVFC/2022-23/P/18, XVFC/2022-23/P/19 |

| | | | |
|---|---|---|---|
| | | | 16.06.2022 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ | 18,86,084/- | XVFC/2022-23/P/44 XVFC/2022-23/P/45, XVFC/2022-23/P/52 05.12.2022 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 36,50,000/- രൂപ വരവുണ്ട്. 36,50,000/- രൂപയിൽ 34,40,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.
ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | - | 36,50,000/- | 1,84,70,441/- | 32,21,526/- | | 1,88,98,915/- |

## 4-6 സ്ഥിര നിക്ഷേപം

സ്ഥാപനത്തിന് സ്ഥിര നിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 31 | 2001-02 | 9 | ആടുകൾ വിതരണം ചെയ്തതിലെ ക്രമക്കേടുകൾ | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 6,958/- | ശ്രീ. ജയപ്രകാശ് പി., സെക്രട്ടറി |
| | | 8,236/- | ശ്രീ. റെജി മോൻ എം., സെക്രട്ടറി |
| 3-2. | - | 2,09,905/- | ശ്രീ. അഖിൽ.എസ്, അക്രഡിറ്റഡ് എഞ്ചിനീയർ, MGNREGS |

| | | | | |
|---|---|---|---|---|
| 3-3 | - | 79,227/- | | ശ്രീമതി ബിന്ദു ആർ, അസി. സെക്രട്ടറി |
| 3-4 | - | 66,379/- | | ശ്രീ. അഖിൽ.എസ്, അക്രഡിറ്റഡ് എഞ്ചിനീയർ, MGNREGS |
| 3-5 | - | 1,93,885/- | ₹10,771.38 | ശ്രീ. രാജേഷ് ആർ, ഗ്രാമപഞ്ചായത്ത് അംഗം |
| | | | ₹10,771.38 | ശ്രീ. അരുൺ ഉത്തമൻ, ഗ്രാമപഞ്ചായത്ത് അംഗം |
| | | | ₹10,771.38 | ശ്രീ. പ്രദീപ് പി എസ്, ഗ്രാമപഞ്ചായത്ത് അംഗം |
| | | | ₹10,771.38 | ശ്രീമതി. ശാന്ത കെ, ഗ്രാമപഞ്ചായത്ത് അംഗം |
| | | | ₹10,771.38 | ശ്രീ. നമ്പൂരേത്ത് തുളസീധരൻ പിള്ള, ഗ്രാമപഞ്ചായത്ത് അംഗം |
| | | | ₹10,771.38 | ശ്രീമതി. സ്മിത ആർ, ഗ്രാമപഞ്ചായത്ത് അംഗം |
| | | | ₹10,771.38 | ശ്രീമതി. ശ്രീതാ സുനിൽ, ഗ്രാമപഞ്ചായത്ത് അംഗം |
| | | | ₹10,771.38 | ശ്രീ. നിഖിൽ മനോഹർ, ഗ്രാമപഞ്ചായത്ത് അംഗം |
| | | | ₹10,771.38 | ശ്രീ. മോഹനൻ പിള്ള, ഗ്രാമപഞ്ചായത്ത് അംഗം |
| | | | ₹10,771.38 | ശ്രീ. രാജേഷ് വരവിള, ഗ്രാമപഞ്ചായത്ത് അംഗം |
| | | | ₹10,771.38 | ശ്രീ. ബിനു മംഗലത്ത്, ഗ്രാമപഞ്ചായത്ത് അംഗം (പ്രസിഡന്റ്) |
| | | | ₹10,771.38 | ശ്രീമതി. പ്രസന്ന, ഗ്രാമപഞ്ചായത്ത് അംഗം |
| | | | ₹10,771.38 | ശ്രീമതി. നസിയത്ത് ഷിഹാബ്, ഗ്രാമപഞ്ചായത്ത് അംഗം |
| | | | ₹10,771.38 | ശ്രീമതി. നസീറ ബീവി, ഗ്രാമപഞ്ചായത്ത് അംഗം |
| | | | ₹10,771.38 | ശ്രീമതി. അൻസി നസീർ, ഗ്രാമപഞ്ചായത്ത് അംഗം |
| | | | ₹10,771.38 | ശ്രീമതി. പ്രീയ സത്യൻ, ഗ്രാമപഞ്ചായത്ത് അംഗം |
| | | | ₹10,771.38 | ശ്രീ. വിനു ഐ നായർ, ഗ്രാമപഞ്ചായത്ത് അംഗം |
| | | | ₹10,771.38 | ശ്രീ. പി കെ രവി, ഗ്രാമപഞ്ചായത്ത് അംഗം |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 33,79,736/- | ശ്രീ. റെജി മോൻ എം, സെക്രട്ടറി |
| 1-16 | 6,46,534/- | ശ്രീ. ജയപ്രകാശ് പി., സെക്രട്ടറി |
| 1-18 | 5,000/- | ശ്രീ. ജയപ്രകാശ് പി., സെക്രട്ടറി |
| 1-20 | 1,80,000/- | ഡോ. ലക്ഷമി ദീലിപ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 1-22 | 3,21,633/- | ഡോ. ലക്ഷമി ദീലിപ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 1-25 | 2,25,000/- | ശ്രീമതി സി. ഒ. കോമളവല്ലി, അസി. സെക്രട്ടറി |
| 1-35 | 50,000/- | ശ്രീമതി ബിന്ദു ആർ, അസി. സെക്രട്ടറി |
| 1-40 | 99,260/- | ശ്രീ. ജയപ്രകാശ് പി., സെക്രട്ടറി |

## (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) |
|---|---|
| 1-26 | 16,569/- |

## (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജയപ്രകാശ്.പി, സെക്രട്ടറി, പോരുവഴി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് | ബാബുഭവനം, മനക്കര, ശാസ്താംകോട്ട |
| ശ്രീ. റെജി മോൻ എം, സെക്രട്ടറി, പോരുവഴി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, പോരുവഴി ഗ്രാമപഞ്ചായത്ത് | തട്ടാരഴികത്ത് പുത്തൻ വീട്, പുത്തൂർ |
| ഡോ. ലക്ഷമി ദീലീപ് മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പോരുവഴി പി.എച്ച്.സി. | നല്ലൂർ വീട്, ഞാറക്കാട്, തലവൂർ |
| ബിനീഷ് ചന്ദ്രൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് | നടുവിലേ വീട്ടിൽ പടിഞ്ഞാറ്റതിൽ, പെരുവേലിക്കര പി.ഒ, വെസ്റ്റ് കല്ലട |
| ശ്രീ. അഖിൽ എസ്, അക്രഡിറ്റഡ് എഞ്ചിനീയർ, MGNREGS | അക്രഡിറ്റഡ് എഞ്ചിനീയർ, MGNREGS, പോരുവഴി ഗ്രാമപഞ്ചായത്ത് | അംബിക ഭവനം, കമ്പലടി, പോരുവഴി |
| ശ്രീമതി സി. ഒ. കോമളവല്ലി, അസി. സെക്രട്ടറി | നെൻമേനി ഗ്രാമപഞ്ചായത്ത് വയനാട് | പുളിയൻ കുന്നിൽ വീട്, കൈതക്കോട് പി.ഒ, പവിത്രേശ്വരം |
| ശ്രീമതി ബിന്ദു ആർ., അസി. സെക്രട്ടറി | അസി. സെക്രട്ടറി പോരുവഴി ഗ്രാമപഞ്ചായത്ത് | ശ്രാവണം, വടക്കുംതല ഈസ്റ്റ് പി.ഒ, കരുനാഗപ്പള്ളി |
| ശ്രീ. രാജേഷ് ആർ, ഗ്രാമപഞ്ചായത്ത് അംഗം | ഗ്രാമപഞ്ചായത്ത് അംഗം, പോരുവഴി ഗ്രാമപഞ്ചായത്ത് | പുത്തൻ പുരയിൽ, ചാത്താകുളം പി.ഒ, പോരുവഴി |
| ശ്രീ. അരുൺ ഉത്തമൻ, ഗ്രാമപഞ്ചായത്ത് അംഗം | ഗ്രാമപഞ്ചായത്ത് അംഗം, പോരുവഴി ഗ്രാമപഞ്ചായത്ത് | അരുൺ നിവാസ്, ഇടയ്ക്കാട് പി.ഒ, പോരുവഴി |
| ശ്രീ. പ്രദീപ് പി എസ്, ഗ്രാമപഞ്ചായത്ത് അംഗം | ഗ്രാമപഞ്ചായത്ത് അംഗം, പോരുവഴി ഗ്രാമപഞ്ചായത്ത് | പാലത്തടത്തിൽ, ഇടയ്ക്കാട് പി.ഒ, പോരുവഴി |
| ശ്രീമതി. ശാന്ത കെ, ഗ്രാമപഞ്ചായത്ത് അംഗം | ഗ്രാമപഞ്ചായത്ത് അംഗം, പോരുവഴി ഗ്രാമപഞ്ചായത്ത് | പ്രശാന്ത് ഭവനം, ഇടയ്ക്കാട് പി.ഒ, പോരുവഴി |
| ശ്രീ. നമ്പൂരേത്ത് തുളസീധരൻ പിള്ള, ഗ്രാമപഞ്ചായത്ത് അംഗം | ഗ്രാമപഞ്ചായത്ത് അംഗം, പോരുവഴി ഗ്രാമപഞ്ചായത്ത് | രാജേന്ദ്ര വിലാസം, ഇടയ്ക്കാട് പി.ഒ, പോരുവഴി |
| ശ്രീമതി. സ്മിത ആർ, ഗ്രാമപഞ്ചായത്ത് അംഗം | ഗ്രാമപഞ്ചായത്ത് അംഗം, പോരുവഴി ഗ്രാമപഞ്ചായത്ത് | കാട്ടൂർ വീട്, ഇടയ്ക്കാട് പി.ഒ, പോരുവഴി |
| ശ്രീമതി. ശ്രീതാ സുനിൽ, ഗ്രാമപഞ്ചായത്ത് അംഗം | ഗ്രാമപഞ്ചായത്ത് അംഗം, പോരുവഴി ഗ്രാമപഞ്ചായത്ത് | ഇടയിലത്തുണ്ടിൽ, ഇടയ്ക്കാട് സൗത്ത്, ഇടയ്ക്കാട് പി.ഒ, പോരുവഴി |
| ശ്രീ. നിഖിൽ മനോഹർ, ഗ്രാമപഞ്ചായത്ത് അംഗം | ഗ്രാമപഞ്ചായത്ത് അംഗം, പോരുവഴി ഗ്രാമപഞ്ചായത്ത് | പാർപ്പിടം, അമ്പലത്തുംഭാഗം പി.ഒ, പോരുവഴി |
| ശ്രീ. മോഹനൻ പിള്ള, ഗ്രാമപഞ്ചായത്ത് അംഗം | ഗ്രാമപഞ്ചായത്ത് അംഗം, പോരുവഴി ഗ്രാമപഞ്ചായത്ത് | ആനന്ദഭവനം, അമ്പലത്തുംഭാഗം പി.ഒ, പോരുവഴി |

| | | |
|---|---|---|
| ശ്രീ. രാജേഷ് വരവിള, ഗ്രാമപഞ്ചായത്ത് അംഗം | ഗ്രാമപഞ്ചായത്ത് അംഗം, പോരുവഴി ഗ്രാമപഞ്ചായത്ത് | നാരായണ വിലാസം, അമ്പലത്തുംഭാഗം പി.ഒ, പോരുവഴി |
| ശ്രീ. ബിനു മംഗലത്ത്, ഗ്രാമപഞ്ചായത്ത് അംഗം (പ്രസിഡന്റ്) | ഗ്രാമപഞ്ചായത്ത് അംഗം, (പ്രസിഡന്റ്) പോരുവഴി ഗ്രാമപഞ്ചായത്ത് | മംഗലത്ത് പുത്തൻവീട്, അമ്പലത്തുംഭാഗം പി.ഒ, പോരുവഴി |
| ശ്രീമതി. പ്രസന്ന, ഗ്രാമപഞ്ചായത്ത് അംഗം | ഗ്രാമപഞ്ചായത്ത് അംഗം, പോരുവഴി ഗ്രാമപഞ്ചായത്ത് | സൗപർണ്ണിക, അമ്പലത്തുംഭാഗം പി.ഒ, പോരുവഴി |
| ശ്രീമതി. നസിയത്ത് ഷിഹാബ്, ഗ്രാമപഞ്ചായത്ത് അംഗം | ഗ്രാമപഞ്ചായത്ത് അംഗം, പോരുവഴി ഗ്രാമപഞ്ചായത്ത് | കൂട്ടിങ്ങവിള പടിഞ്ഞാറ്റതിൽ, കമ്പലടി, പോരുവഴി പി.ഒ, |
| ശ്രീമതി. നസീറ ബീവി, ഗ്രാമപഞ്ചായത്ത് അംഗം | ഗ്രാമപഞ്ചായത്ത് അംഗം, പോരുവഴി ഗ്രാമപഞ്ചായത്ത് | ചരുവിള പടിഞ്ഞാറ്റതിൽ, പോരുവഴി പി.ഒ, |
| ശ്രീമതി. അൻസി നസീർ, ഗ്രാമപഞ്ചായത്ത് അംഗം | ഗ്രാമപഞ്ചായത്ത് അംഗം, പോരുവഴി ഗ്രാമപഞ്ചായത്ത് | കാഞ്ഞിരവിള വീട്, കമ്പലടി, പോരുവഴി പി.ഒ, |
| ശ്രീമതി. പ്രീയ സത്യൻ, ഗ്രാമപഞ്ചായത്ത് അംഗം | ഗ്രാമപഞ്ചായത്ത് അംഗം, പോരുവഴി ഗ്രാമപഞ്ചായത്ത് | സച്ചു ഭവനം, പള്ളിമുറി അമ്പലത്തുംഭാഗം പി.ഒ, പോരുവഴി |
| ശ്രീ. വിനു ഐ നായർ, ഗ്രാമപഞ്ചായത്ത് അംഗം | ഗ്രാമപഞ്ചായത്ത് അംഗം, പോരുവഴി ഗ്രാമപഞ്ചായത്ത് | ഭവ്യ ഭവനം, നടവിലേമുറി ചാത്താകുളം പി.ഒ, പോരുവഴി |
| ശ്രീ. പി കെ രവി, ഗ്രാമപഞ്ചായത്ത് അംഗം | ഗ്രാമപഞ്ചായത്ത് അംഗം, പോരുവഴി ഗ്രാമപഞ്ചായത്ത് | തേജസ്, അമ്പലത്തുംഭാഗം പി.ഒ, പോരുവഴി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(2)/2018, 12.04.2018 | 6 |
| 1998-99 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(3)/2018,12.04.2018 | 7 |
| 1999-00 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(4)/2018,12.04.2018 | 5 |
| 2000-01 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(5)/2018,12.04.2018 | 2 |
| 2001-02 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(6)/2018,12.04.2018 | 1 |
| 2002-03 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(7)/2018,12.04.2018 | 3 |
| 2003-04 & 2004-05 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(8)/2018,12.04.2018 | 2 |
| 2005-06 | കെ.എസ്സ്.എ-കെ.എൽ.എം-പി10-395(9)/2018,12.04.2018 | 4 |
| 2006-07 | എൽ.എഫ്.ക്യൂപി2/1200/2014,.08.07.2014 | 8 |
| 2007-08 | എൽ.എഫ്.ക്യൂപി2/1200/2014,.08.07.2014 | 10 |
| 2008-09 | എൽ.എഫ്.ക്യൂപി2/1200/2014,.08.07.2014 | 16 |
| 2009-10 | എൽ.എഫ്.ക്യൂപി2/1200/2014,.12.06.2014 | 18 |
| 2010-11 | എൽ.എഫ്.ക്യൂപി2/1200/2014,.12.06.2014 | 4 |
| 2011-12 & 2012-13 | കെഎസ്എകെഎൽഎംപി.10/അദാ./2011-12,2012-13/1503/22(1) (22-8-22) | 11 |
| 2013-14 | കെഎസ്എകെഎൽഎംപി.10/അദാ./2013-14/1503/22(2) (22-8-22) | 8 |

| | | |
|---|---|---|
| 2014-15 | കെഎസ്എകെഎൽഎംപി.10/അദാ./2014-15/1503/22(3) (22-8-22) | 14 |
| 2015-16 | കെഎസ്എകെഎൽഎംപി.10/അദാ./2014-15/1503/22(4) (22-8-22) | 11 |
| 2016-17 | കെഎസ്എകെഎൽഎംപി.10/1245/30.11.2017 | 18 |
| 2017-18 | കെ.എസ്.എ/കെ.എൽ.എം/പി10/252/2019/27/04/2019. | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ/കെ.എൽ.എം/പി.10/1858/2019/24/01/2020 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ/കെ.എൽ.എം/പി.10/1519/21 / 12/04/2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ/കെ.എൽ.എം/പി.10/1523/21 18.07.22 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ/കെ.എൽ.എം/പി.8/238/23, 05.04.23 | എല്ലാ ഖണ്ഡികകളും |

**ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 1/1 dated 01-07-2023 and submitted on 03-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Poruvazhi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Poruvazhi Grama Panchayat for the year 2022-2023

**Date: 23/11/2023** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Poruvazhi Grama Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

1. Key ratios and notes on accounts are not included in Annual Financial statement.
2. Cash Flow statement - Net increase, decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.
3. Asset Register is not prepared as value based so the asset value shown in Balance sheet is not traceable with it.
4. Lapses in making timely and accurate demand entries in respect of tax and non tax revenue.
5. Non transfer stale cheque amount into revenue head.
6. Expenditure shown in the Web Saankhya ACR does not match with Sulekha statements.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3
# അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.